


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA-PHONE: 8234

വാല്യം 6 | 1989 മാർച്ച് 3 | ലക്കം 8


## പ്രാർത്ഥനാവലയം


ഫാ. പി. എൻ. പോൾ,
മാർ കുറിയാക്കോസ് ആശ്രമം,
മൈലപ്ര. പി. ഒ.
പത്തനംതിട്ട.
ഫോൺ. 04751-2295


### പ്രാർത്ഥനാ പംക്തി No. 6

### പ്രാർത്ഥനാവലയം: സ്വർഗ്ഗീയ വാർത്ത പിടിച്ചെടുക്കുന്ന 'ആത്മീയ ടെലിവിഷൻ'

### പ്രാർത്ഥനാ മല്ലൻ: യേശുവിന്റെ നീതികുപ്പായത്തിൽ പൊതിയപ്പെട്ട വിശ്വാസി

'നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു.' [യാക്കോ. 5:16]

''നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല'' (റോമർ 3:10) എന്ന തിരുവചനം വായിക്കുമ്പോൾ, ആർക്കെങ്കിലും ഫലപ്രദമായി പ്രാർത്ഥിക്കുവാൻ സാധിക്കുമോ എന്നു സംശയമുണ്ടാകുമല്ലോ. ദൈവകൃപയാൽ യേശുക്രിസ്തുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായി നീതീകരിക്കപ്പെടുന്നതു് വിശ്വാസത്താലാണ്. വിശ്വാസവരം (ഫിലി. 1:29) രഹസ്യവും പരസ്യവുമായ ആരാധനാമദ്ധ്യേ, തിരുവചനം വായിക്കുമ്പോൾ, സമ്മാനിക്കുന്നതു് പരിശുദ്ധാത്മാവാണ്. ആ പരിശുദ്ധാത്മാവാണ് പ്രാർത്ഥന തുടങ്ങുകയും, തുടരുകയും ചെയ്യേണ്ടതു്. (റോമർ, 3:24,28; 8:26;10:17) വിശ്വാസി ആരാധനയും, മനുഷ്യസേവനത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായ വിശ്വാസനീതിപ്രവർത്തികളാണ്. വിശ്വാസിയെ അവ യേശുവിന്റെ നീതിയുടെ കുപ്പായത്താൽ പൊതിയപ്പെട്ട ഒരു നീതിമാനാക്കി മാററുന്നു. അതുകൊണ്ടാണ് യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണമെന്നു് തിരുവചനം അനുശാസിക്കുന്നതു്. (യോഹ. 14:13) അതുകൊണ്ടു് എപ്പോഴും യേശുവിൽ വസിക്കണമെന്നു് പരിശുദ്ധാത്മാഭിഷേകം നമ്മെ ഉപദേശിച്ചുകൊണ്ടിരിക്കുന്നു. (1 യോഹ. 2:27) ഈ ഉപദേശം കേട്ടനുസ


(ശേഷം 6-ാം പേജിൽ)


# സഭാദിന പ്രചാരണ പരിപാടികൾ: പ. ബാവാ പങ്കെടുക്കും

സ്റ്റാഫ് എഡിററർ

കോട്ടയം: കാതോലിക്കാദിനപ്പിരിവിന്റെ പ്രചാരണ പരിപാടികൾ താഴെപ്പറയുന്ന തീയതികളിൽ നടക്കുന്നതാണ്. നിർദ്ദിഷ്ടകേന്ദ്രങ്ങളിൽ ഭദ്രാസന മെത്രാപ്പോലീത്താമാരെ കൂടാതെ കേന്ദ്രത്തിൽ നിന്നും പരിശുദ്ധബാവായും, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായും പങ്കെടുക്കുന്നതാണ്.

ഫെബ്രുവരി 27 തിങ്കൾ 10 30 കോട്ടയം, കോട്ടയം സെൻട്രൽ ഭദ്രാസനങ്ങൾ, മാർ ഏലിയാ കത്തീഡ്രലിലും, 28 ചൊവ്വാ 10:30 നു് നിരണം ഭദ്രാസനം, തിരുവല്ല ബഥനി അരമനയിലും, മാർച്ച്, ബുധൻ 3 മണി ചെങ്ങന്നൂർ ഭദ്രാസനം, ബഥേൽ അരമനയിലും, 2 വ്യാഴം 11 മണി തിരുവനന്തപുരം ഭദ്രാസനം കുണ്ടറ സെമിനാരിയിലും, 2.30 നു് കൊല്ലം ഭദ്രാസനം അടൂർ കണ്ണംകോട്ടു് പള്ളിയിലും, 3 വെള്ളി 10.30 നു് തുമ്പമൺ ഭദ്രാസനം പത്തനംതിട്ട ബേസിൽ അരമനയിലും, 6 തിങ്കൾ 10.30 നു് കൊച്ചി, അങ്കമാലി, കണ്ടനാടു് എറണാകുളം സെൻറു് മേരീസിലും, 9 വ്യാഴം ഇടുക്കി ഭദ്രാസനം കുങ്കിരിപ്പെട്ടി ഗദ്സമനേ അരമനയിലും ചേരുന്നതാണ്.

### തിരുമേനിമാരുടെ ഹാശാവാര ശുശ്രൂഷകൾ

പ. ബാവാ തിരുമനസ്സുകൊണ്ടു് കാൽകഴുകൽ ശുശ്രൂഷ പാമ്പാടി വലിയപള്ളിയിൽ നിർവ്വഹിക്കും. ശ്രേഷ്ഠനിയുക്ത കാതോലിക്കാ മൈസൂറിലും, ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് ബഹറനിലും, ജോസഫ് മാർ പക്കോമിയോസ് ദുബായിലും, ഗീവർഗീസ് മാർ ഒസ്താത്തിയോസ് കുവൈററിലും, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് ഷാർജായിലും, സഖറിയാസ് മാർ ദിവന്നാസ്യോസ് അമേരിക്കയിലും, ഫിലിപ്പോസ് മാർ യൗസേബിയോസ് അബുദാബിയിലും, ഗീവർഗീസ് മാർ ഈവാനിയോസ് മസ്കററിലും,


(ശേഷം 6-ാം പേജിൽ)


### ബിനോയ് ചാത്തുരുത്തിക്കു് അവാർഡ്



കോട്ടയം ഈ വർഷം മികച്ച കവിതയ്ക്കുള്ള കക്കാട് പുരസ്കാരം കോലഞ്ചേരി സെൻറ് പീറേറഴ്സ് കോളജ് മലയാളം പ്രൊഫസറും പ്രശസ്ത


(ശേഷം 6-ാം പേജിൽ)


ഭദ്രാസനങ്ങളിലൂടെ — ഹെറാൾഡ് ഫീച്ചർ

# തിരുവനന്തപുരം: വി. ത്രിത്വനാമത്തിൽ വളരുന്നു

മന്ദഹാസം തൂകുന്ന പിഞ്ചുമുഖങ്ങൾ: നിഷ്ക്കളങ്കതയുടെ പര്യായമായ ഓമനകൾ. ക്രിസ്തു യേശുവിന്റെ തിരുവചനമനുസരിച്ച് ദൈവരാജ്യത്തിന്റെ ഉടമകൾ!!

പക്ഷെ....

ആ ചിരിതെളിയുന്ന മുഖങ്ങൾക്കു താഴെ .. കാണുന്നവരുടെ കരളലിയിക്കുന്ന അംഗവൈകല്യങ്ങൾ. കുരുന്നുപ്രായത്തിൽത്തന്നെ സമൂഹത്തിന്റെ ശാപഗഹ്വരങ്ങളിലേയ്ക്കു തള്ളപ്പെട്ടവർ,

ആ ജീവിതത്തിനു് അർത്ഥവും നിറവും പകരുന്നു, വി. ത്രിത്വത്തിന്റെ നാമം പേറുന്ന തിരുവനന്തപുരത്തെ ഹോളി ട്രിനിററി വികലാംഗ ബാലഭവൻ.

1979-ൽ ഗീവറുഗീസ് മാർ ദീയസ്ക്കോറസ് തിരുമനസ്സുകൊണ്ടു് തിരുവനന്തപുരം ഇടവകയുടെ മെത്രാപ്പോലീത്താ ആയി നിയമിതനായി. പുതുതായി രൂപംകൊണ്ട ഭദ്രാസനം. പുതുതായി വാഴിക്കപ്പെട്ട മെത്രാപ്പോലീത്താ.

അവിടെ സഭയുടെ ഒരു ഭദ്രാസനത്തെ വളർത്തിയെടുക്കേണ്ട വെല്ലുവിളികൾ. മനസ്സിൽ നിറഞ്ഞുനിൽക്കുന്ന കാരുണ്യവായ്പ്. രണ്ടും സമന്വയിപ്പിച്ച് പോകുവാൻ തന്നെ അദ്ദേഹം തീരുമാനിച്ചു.

പള്ളികളും ഇടവകകളും ആട്ടുകളുമായി സഭാഭരണത്തിന്റെ തിരക്കുകളിൽ മുഴുകുമ്പോഴും അശരണരോടുള്ള പ്രതിപത്തി...അതു് മനസ്സിൽ ഉറച്ചുകൊണ്ടിരിക്കുകയായിരുന്നു ആ വലിയ മനസ്സിൽ.

ആ കാരുണ്യവായ്പിന്റെ പ്രതിഫലനമാണ് തിരുവനന്തപുരം ശ്രീകാര്യത്തെ ചെറുവയ്ക്കൽ ഗ്രാമത്തിൽ ഉയർന്നുനിൽക്കുന്ന താബോർഗിരിയിലെ ഹോളിട്രിനിററി ബാലഭവൻ.

'ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവീൻ; അവരെ തടുക്കരുതു്; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ.'



തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ

ക്രിസ്തേശുനാഥന്റെ ഈ വരികളുടെ ആന്തരീകാർത്ഥം സാംശീകരിച്ചിട്ടുള്ള ദീയസ്കോറസ് മെത്രാപ്പോലീത്താ ശിശുക്കളോടുള്ള സ്നേഹത്തിന്റെ ഗിരിശൃംഗങ്ങളിൽ എത്തിനിൽക്കുന്നു.

സമൂഹത്തിന്റെ അഗണ്യകോടിയിലേക്കു് തള്ളപ്പെട്ടുന്ന അംഗവൈകല്യം ബാധിച്ചപിഞ്ചുകുഞ്ഞുങ്ങളെ കണ്ടെടുത്തു്, പേരിനും പിരിവിനും വേണ്ടി അവരെ വളർത്തുകയല്ല ബാലഭവനിൽ ചെയ്യുന്നതു്. മറിച്ച് ഏതൊരു കുട്ടിക്കും സ്വന്തം വീട്ടിൽപോലും ലഭിക്കാമാകുന്നതിനെക്കാൾ സ്നേഹവും പരിചരണവും നൽകുന്നു. പുതുതായി പണിതുയർത്തിയ കെട്ടിടത്തിലെ വൃത്തിയും ഭംഗിയുമുള്ള മുറികളിൽ, അതിലേറെ മനോഹരമായി അണിഞ്ഞൊരുങ്ങിയ കുട്ടികൾ!

സ്ഥിരമായൊരു വരുമാനം ഇല്ലാത്തതിനാൽ സംഭാവനകളിൽമാത്രം ആശ്രയിച്ച് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ സർവ്വചൈതന്യവും അവിടുത്തെ അന്തേവാസികളായ കുട്ടികളിൽ ആവഹിക്കപ്പെട്ടതായി കാണാം. ഭംഗിയായി വസ്ത്രധാരണം, അതും കുട്ടികൾക്കു് ആത്മവിശ്വാസം വളർത്താൻ പോന്നവിധം.

ബാലഭവനിലെ 23 കുട്ടികളെ ശുശ്രൂഷിക്കുന്ന അമ്മയെപ്പോലെ അവരെ ലാളിച്ചു വളർത്തുന്ന ഏഴുപേരോളം വരുന്ന സ്റ്റാഫാണ് അവിടെ പ്രവർത്തിക്കുന്നതു്.

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ സ്ഥാപനം വളർച്ചയുടെപടവുകൾ ഇനിയും പിന്നിടേണ്ടതുണ്ടു്. കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കാനും അവർക്കാവശ്യമായ ചികിത്സാവിധികൾ നൽകുവാനും മററും പണം കണ്ടെത്തേണ്ടിയിരിക്കുന്നു. ആ ഭാരമെല്ലാം സ്വയം വഹിച്ച് സർവ്വശക്തനായ ദൈവ


(ശേഷം 2-ാം പേജിൽ)

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്
A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP

വാല്യം 6 1989 മാർച്ച് 3 ലക്കം 8

# ശത്രുവിന്റെ പതനം

സതീർത്ഥ്യരുമൊത്തു് തമാശകൾ പൊട്ടിച്ച്, ആത്തുല്ലസിച്ച് നീങ്ങുമ്പോൾ ഒരാൾ കാൽ തെന്നിവീഴുന്നതു കണ്ടാൽ എല്ലാവരും ആർത്തുചിരിക്കും–വീണയാൾ ഉൾപ്പടെ. പക്ഷേ, അധികം പേരും തങ്ങളുടെ പരാജയങ്ങളും വീഴ്ചകളും അന്യർക്ക് സംസാരവിഷയമാകത്തക്കവണ്ണം പരസ്യമാക്കാൻ ഇഷ്ടപ്പെടാത്തവരാണ്. നേട്ടങ്ങളോ വിജയങ്ങളോ ആയാൽ നേരെ മറിച്ചാവും സ്ഥിതി. ഓരോരുത്തരേയുംപററി മററാളുകൾ രൂപീകരിക്കുന്ന അഭിപ്രായങ്ങളുടെ മൂല്യം എത്ര വലുതാണ് എന്നു വെളിപ്പെടുത്തുന്നതാണ്, മനുഷ്യരിൽ സഹജമായ ഇത്തരം പെരുമാററങ്ങൾ.

സ്വന്തം ഉയർച്ചയിൽ സന്തോഷമുണ്ടാകും; ഏററവും അടുത്ത ബന്ധുക്കളുടെയും ഉററമിത്രങ്ങളുടെയും ഉയർച്ചയിലും അങ്ങനെതന്നെ. പക്ഷെ ഇഷ്ടപ്പെടാത്തയാളോ, ശത്രുവോ ഉന്നതിയുടെ പടവുകൾ കയറുന്നതു കാണുമ്പോൾ സന്തോഷിക്കാൻ പലർക്കും വിമുഖത തോന്നിയേക്കാം. മനുഷ്യമനസ്സിന്റെ വൈവിധ്യങ്ങൾ എത്രയെത്ര! അതിൽ സ്നേഹത്തിന്റെ മധുരഭാവങ്ങളും, ഭൂതദയയുടെ അലിവും മാത്രമല്ല, പ്രതികാരത്തിന്റെ ചൂടും പുകയും, വിദ്വേഷത്തിന്റെ കാളിമയും, സംശയത്തിന്റെ പുകമറയും നിറഞ്ഞുനിന്നേക്കാം! ഒരേ മനസ്സുകളിൽനിന്നാണോ ഇവയെല്ലാം ആവിർഭവിക്കുന്നതു്?

നമ്മോടു ശത്രുതവച്ചു പുലർത്തുന്നവർക്ക് എന്തെങ്കിലും നഷ്ടമോ ആപത്തോ വന്നു പിണയുമ്പോൾ നമ്മുടെ മനോഭാവം എന്തായിരിക്കും? നമുക്ക് അനർത്ഥം നേരിടുമ്പോൾ ശത്രുക്കൾ ആഹ്ലാദിക്കുന്നതു കണ്ടാൽ നാമെങ്ങനെ പ്രതികരിക്കും?

ശത്രുവിന്റെ പതനം സന്തോഷത്തോടും ആശ്വാസത്തോടും നോക്കിക്കാണുന്നതു് മനുഷ്യർക്കു സഹജമാണ്. പക്ഷേ അതു് ഒരുതരം ക്രൂരമായ സന്തോഷമാണ്. മറെറാരു മനുഷ്യജീവിയുടെ ദുഃഖംകണ്ടു സന്തോഷിക്കുന്നതു് വന്യമല്ലേ? ശത്രുവായാലും മിത്രമായാലും വേദന വേദനതന്നെ. വേദനയ്ക്കു് ആംവ്യ

## ധ്യാനപീഠം

ത്യാസമില്ല; ജാതി പരിഗണനയില്ല; ശത്രുമിത്രഭേദവുമില്ല. ശത്രുവിന്റെ വീഴ്ചയിൽ സന്തോഷിച്ചാൽ അതു് സന്തോഷമല്ല. അതൊരുതരം വികലപ്രതിഭാസം മാത്രം. ശത്രുവിന്റേതായാലും താഴ്ചയിലും വീഴ്ചയിലും സഹതപിക്കുവാൻ കഴിയുന്നവൻ യഥാർത്ഥ മനുഷ്യനാണ്, മഹാനാണ്. 'ശത്രുക്കളെ സ്നേഹിപ്പീൻ; ഉപദ്രവിക്കുന്നവക്കുവേണ്ടി പ്രാത്ഥിപ്പീൻ' എന്ന യേശുക്രിസ്തുവിന്റെ വചനം ദൈവസ്വഭാവത്തിലെ സ്നേഹം നമുക്കു നൽകുന്ന പാഠമാണ്.

ശത്രുവിനെ വീഴിക്കാൻ ശ്രമിക്കുന്നവർക്കായിരിക്കും ശത്രുവിന്റെ വീഴ്ചയിൽ ആനന്ദമുണ്ടാവുക. ശത്രുവിനെ വീഴിക്കാൻ നാം ശ്രമിക്കേണ്ടതില്ല. ദൈവം ഉയർത്തേണ്ടവരെ ഉയർത്തുകയും, താഴ്ത്തേണ്ടവരെ താഴ്ത്തുകയും ചെയ്യുന്ന നീതിമാനാണ്. തന്നെ ഭയപ്പെടുന്നവർക്കുവേണ്ടി പ്രവർത്തിക്കുവാൻ അവിടുന്ന് എപ്പോഴും തയ്യാറായിരിക്കും. അല്ലാത്തവരെയാണ് 'സ്വന്തയിഷ്ടപ്രകാരം നടക്കേണ്ടുന്നതിന് ഹൃദയകാഠിന്യത്തിന്'' ഏൽപിച്ചുകൊടുക്കുന്നതു്.

കർത്താവിന്റെ വചനപ്രകാരം, ആത്മാർത്ഥതയോടെ, നമ്മുടെ ശത്രുക്കളായവർക്കുവേണ്ടി നമുക്കു പ്രാർത്ഥിച്ചുതുടങ്ങാം. അവരുടെ വീഴ്ച നമ്മുടെ പ്രാർത്ഥനവിഷയം ആകാതിരിക്കട്ടെ. അവരുടെ വീഴ്ച നമുക്ക് സന്തോഷകാരണമാകാതെയുമിരിക്കട്ടെ!

**പ്രാർത്ഥന:** തന്റെ ശത്രുക്കൾക്കുവേണ്ടിയും, അകാരണമായി തന്നെ ഉപദ്രവിച്ചവർക്കുവേണ്ടിയും പ്രാർത്ഥിക്കുകയും, അവരുടെ നാശം ആഗ്രഹിക്കാതിരിക്കയുംചെയ്ത സ്വർഗ്ഗീയസ്നേഹമാകുന്ന മശിഹാ, നിന്നെപ്പോലെ ശത്രുക്കളേയും മിത്രങ്ങളേയും സ്നേഹിക്കുകയും കരുതുകയും ചെയ്യുവാൻ ഞങ്ങൾക്കു കഴിയേണമേ. പകരത്തിനു പകരം ചെയ്യാൻ ഒരുമ്പെടാതെ നീ പ്രവർത്തിക്കുന്നതിനുവേണ്ടി സകലകാര്യത്തിലും കാത്തിരിപ്പാൻ ഞങ്ങൾക്കു ക്ഷമയുള്ള മനസ്സു നൽകേണമേ.

**ചിന്താവിഷയം:** സദൃശവാക്യങ്ങൾ 24: 17
'നിന്റെ ശത്രു വീഴുമ്പോൾ സന്തോഷിക്കരുതു്.
അവൻ ഇടറുമ്പോൾ നിന്റെ ഹൃദയം ആനന്ദിക്കരുതു്''

**ഫാ. ജേക്കബ് ചെറിയാൻ**

## പത്രാധിപക്കുള്ള കത്തു്

1989 ഫെബ്രുവരി 13 (ലക്കം 5, വാല്യം 6) ലെ ഒരു ചെറിയ ന്യൂനത. ഫാദർ ലാസറസ് ഒ. ഐ. സി. എഴുതിയ 'ബോംബെ ഭദ്രാസനം, മലങ്കരസഭയുടെ തൊപ്പിയിൽ ഒരു സുവർണ്ണതൂവൽ' എന്ന ചെറിയ ലേഖനത്തിന്റെ (Page 3)ബാക്കി ശേഷം 5–ാം പേജിൽ എന്നു കണ്ടു. പക്ഷേ 5–ാം പേജിലും മററ് ഒരു പേജിലും കണ്ടില്ല. അതിന്റെ കാരണം എന്താണ് എന്നറിഞ്ഞാൽ വളരെ ഉപകാരം ആയിരുന്നു.

ഷേബാലിയുടെ 'വില്ലാനുണ്ടു് പള്ളികൾ' എന്നത് വളരെ നന്നായിരിക്കുന്നു. ശേഷം വായിക്കുവാനായി കാത്തിരിക്കുന്നു. നിയുക്ത കാതോലിക്കയുടെ ജന്മദിനവും (75) മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ 60–ാംജന്മദിനവും ആഘോഷിക്കുന്ന ഈ അവസരത്തിൽ, മെത്രപ്പോലീത്താമാർക്ക് ജന്മദിന ആശംസകൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബിജുകോശി
വാക്കയിൽ, ചെങ്ങന്നൂർ

ബോംബെ ഭദ്രാസന ഫീച്ചർ സംബന്ധിച്ച് ഇങ്ങനെ ഒരു പിശകു സംഭവിച്ചതിൽ ഖേദിക്കുന്നു. തുടർന്നുള്ള ഭാഗങ്ങൾ ഈ ലക്കത്തിൽ ചേർക്കുന്നു. തെററു ചൂണ്ടിക്കാട്ടിയതിൽ നന്ദി– പത്രാധിപർ

## വാകത്താനം കൺവൻഷൻ മാർച്ച് 5 മുതൽ

വാകത്താനം: വാകത്താനത്തെ വിവിധ ഓർത്തഡോക്സ് ഇടവകകളുടെ സംയുക്താഭിമുഖ്യത്തിലുള്ള വാകത്താനം സുവാർത്താ കൺവൻഷൻ മാർച്ച് 5 ഞായർ മുതൽ 12 ഞായർ വരെ കണ്ണൻചിറയിലുള്ള സെൻറ് തോമസ് നഗറിൽ നടത്തപ്പെടുന്നതാണ്. പരിശുദ്ധ കാതോലിക്കാബാവാ ഉൽഘാടനം ചെയ്യുന്ന കൺവൻഷനിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനി, ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, ഗീവർഗ്ഗീസ് മാർ ഇവാനിയോസ് എപ്പിസ്ക്കോപ്പാ, റവ: ഡോ: ജേക്കബ് കുര്യൻ, ഫാ: ററി. ജെ. ജോഷ്വ ഫാ: മാത്യു വൈദ്യൻ, ഫാ: ഒ. തോമസ്, പ്രൊഫ: സി. മാത്യൂസ്, പ്രോഃ സിനിരാജ് മുഹമ്മദ് എന്നിവർ പ്രസംഗിക്കും. ദിവസവും വൈകുന്നേരം 6.30 മുതൽ 8. 30 വരെ പൊതുയോഗങ്ങളും: മാർച്ച് 6 തിങ്കൾ മുതൽ 11 ശനി വരെയുള്ള എല്ലാ ദിവസവും പകൽ 10 മുതൽ 1. 30 മണി വരെ ധ്യാനയോഗങ്ങളും ഉണ്ടായിരിക്കും. ധ്യാനയോഗങ്ങൾക്കു പ്രോഃ സിനിരാജ് നേതൃത്വം നൽകുന്നതാണ്. സി. വി. ജോർജ് കോറെപ്പിസ്കോപ്പാ, ഫാ: എം. സി. ജോർജ്, ഫാ: എബ്രഹാം വാഴയ്ക്കൽ, ഫാ: ഇ. കെ. ജോർജ്, ഫാ: ഇ. എം. ഫിലിപ്പ്, ഫാ: സഖറിയ പണിക്കശ്ശേരി തുടങ്ങിയവരടങ്ങുന്ന കമ്മിററി വിപുലമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.



## ക്രിസ്താനുകരണം

**തോമസ് എ. കെംപിസ്**

**വിവ. പ്രൊ: കെ. വി. തമ്പി**

നമ്മുടെ ആന്തരതമമായ അഭിലാഷങ്ങളെ ശോധന ചെയ്തു് ദമനം ചെയ്യേണ്ടിയിരിക്കുന്നു

നാഥന്റെ സ്വരം: എന്റെ മകനെ, നീയിനിയും പഠിക്കാത്ത അനേകപാഠങ്ങൾ ഉണ്ടു്.

ശിഷ്യൻ: നാഥാ എന്തൊക്കെയാണവ? എന്റെ ഇച്ഛയ്ക്കു് അനുരോധമായി നിന്റെ അഭിലാഷങ്ങളെ പൂർണ്ണമായും തിരിക്കുന്നതിന് നീ പഠിക്കേണ്ടിയിരിക്കുന്നു. നീ നിന്റെ സ്വന്തലക്ഷ്യങ്ങളുടെ കാമുകനാകരുതു്; പകരം എനിക്ക് സന്തോഷപ്രദമായ കാര്യങ്ങൾ പൂർണ്ണഹൃദയത്തോടെ ചെയ്യുന്നതിന് ഉദ്യമിക്കുന്നവനാകുക. നീ പലപ്പോഴും ഓരോ പദ്ധതികൾക്കുവേണ്ടിയുള്ള പൂർണ്ണോൽസാഹത്തിലാണ്. എന്നാൽ എന്നെ ആദരിക്കുന്നതോ, ചില മെച്ചങ്ങൾ നിനക്കായി നേടുന്നതോ ഏതാണ് നിന്റെ യഥാർത്ഥ ഉദ്ദേശ്യം എന്ന് നീ സ്വസ്ഥമായി പരിശോധിക്കേണ്ടിയിരിക്കുന്നു. നീ എനിക്കുവേണ്ടി ഇതു ചെയ്യുകയാണെങ്കിൽ, ഞാൻ എന്തു് അനുശാസിച്ചാലും നീ സംതൃപ്തനാകും. എന്നാൽ വൈയക്തിക നേട്ടത്തിന്റെ ലാഞ്ചനയെങ്കിലുമുണ്ടെങ്കിൽ നീ നിന്നെത്തന്നെ ഭാരം വഹിക്കുന്നവനും പ്രതിബന്ധിതനുമാക്കിത്തീർക്കും. അതുകൊണ്ടു തന്നെ എന്നോടു ആദ്യം ആലോചിച്ചതിനു ശേഷമേ നീ പൂർണ്ണഹൃദയത്തോടെ ഏതെങ്കിലുമൊരു പദ്ധതിയിലേക്ക് പ്രവേശിക്കാവൂ! അല്ലെങ്കിൽ ആദ്യം നീ അതിനെച്ചൊല്ലി എത്രമാത്രം ഉൽസാഹിയും സന്തുഷ്ടനും ആയിരുന്നാൽപോലും, പിന്നീടു് അതിനെ നീ തന്നെ വെറുക്കുന്നതായും പശ്ചാത്തപിക്കുന്നതായും കാണേണ്ടിവരും. നല്ലതായി കാണപ്പെടുന്ന എല്ലാ ചോദനയുടേയും പിന്നാലെ ഓടേണ്ടവനല്ല നീ; സ്വാഗതാർഹമല്ലാത്ത എല്ലാ സംവേദനങ്ങളുടെ പ്രഥമദൃശ്യത്തിൽനിന്നു് നീ ഓടി അകലുകയും അരുതു്. തികച്ചും പ്രശംസാർഹമായ അഭിലാഷങ്ങളുടേയും ഉത്സാഹങ്ങളുടേയും മേൽ ചിലപ്പോൾ സംയമം പാലിക്കുന്നതു് ഒരു നല്ലകാര്യമാണ്; അത്യഥാ നിന്റെ വെറും അക്ഷമ മാത്രം നിന്റെ ശാന്ത ചിന്തകളെ അസ്വസ്ഥമാക്കുന്നു; നിന്റെ അച്ചടക്കരാഹിത്യം അപരമനസ്സാക്ഷിക്ക് പ്രശ്നം സൃഷ്ടിക്കും; പ്രതിബന്ധവുമായി ഏററുമുട്ടുമ്പോൾ നീ ആശയകലുഷതയിലേക്ക് കുഴഞ്ഞുവീഴും. നിന്റെ സഹജകാമനകളെ പ്രതിരോധിക്കുവാൻ ബലം പ്രയോഗിക്കുകയും നിന്റെ സമസ്തശക്തിയും ഉപയോഗിക്കുകയും ചെയ്യേണ്ടിവരുന്ന സമയങ്ങളുമുണ്ടു്; മനുഷ്യപ്രകൃതി ആവശ്യപ്പെടുന്നതോ അല്ലാത്തതോ ആയവയോടു് നീ ഒരു ശ്രദ്ധയും കാണിക്കരുതു്. പകരം ശരീരത്തെ, സ്വേച്ഛയ്ക്കു് എതിരായിട്ടുപോലും ആത്മാവിന് കീഴ്പെടുത്തുക എന്നതു് നിന്റെ ജോലിയാക്കുക. അതിന്റെ ദാസ്യത്തെ സ്വീകരിക്കുവാൻ പാകത്തിന് ശരീരത്തെ ശിക്ഷിക്കേണ്ടിയിരിക്കുന്നു; എന്തിനേയും വരിക്കാൻ അതു് സന്നദ്ധമാകുവോളം, അല്പമായതിൽ തൃപ്തമാകുവാൻ പഠിക്കുവോളം എളിയ കാര്യങ്ങളിൽ തുഷ്ടികൊള്ളുവോളം, അതിനിണങ്ങാത്ത കാര്യങ്ങളിൽ പിറുപിറുക്കാതിരിക്കുവോളം.

(തുടരും)

## തിരുവനന്തപുരം ഭദ്രാസന...

(1–ാം പേജിൽനിന്നും തുടർച്ച)

ത്തിലും നല്ലവരായ സഭാമക്കളിലും പ്രതീക്ഷയോടെ ഉററുനോക്കുകയാണ് ദീയസ്കോറസ് മെത്രാപ്പോലീത്താ.

ആലംബഹീനരെ സഹായിക്കുന്നതിലൂടെ ദൈവതേജസ്സിനെ പ്രത്യക്ഷപ്പെടുത്തി അനുഗ്രഹത്തിന്റെ അമൂല്യമലരുകളെ പ്രാപിക്കുന്ന ഗീവറുഗീസ് മാർ ദീയസ്കോറസ് മെത്രാപ്പോലീത്താ, സഭയുടെ സുപ്രധാന ധർമ്മങ്ങളിലൊന്നായ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകുന്നു.

തിരുവനന്തപുരം ഭദ്രാസനം വകയായുള്ള ഏകവിദ്യാഭ്യാസസ്ഥാപനമാണ് ഹോളിട്രിനിററി സ്കൂൾ. സർക്കാർ അംഗീകാരമുള്ള ഈ എൽ. പി. സ്കൂൾ തിരുവനന്തപുരം നഗരത്തിലെ മററു സ്കൂളുകളുമായി തട്ടിച്ചുനോക്കുമ്പോൾ ഗണ്യമായ നിലവാരം പുലർത്തുന്നു എന്നുകാണാം. സ്കൂൾ വകയായി രണ്ടു ബസ്സുകൾ ഉണ്ടു്.

സേവനത്തിന്റെ പാതയിലേക്ക് മറെറാരു കാൽവെയ്പാണ് വി. എം. ഡി. എം. സെൻറർ (വട്ടശ്ശേരിൽ മാർ ഡയനീഷ്യസ് മെമ്മോറിയൽ സെൻറർ)

ആയൂരിൽനിന്നു് മൂന്നു കിലോ മീററർ കിഴക്ക് ഇടമുളയ്ക്കൽ എന്ന സ്ഥലത്തു പതിനാലു് ഏക്കറുകളിലായി വ്യാപിച്ചുകിടക്കുന്ന ഭദ്രാസനം വകയായുള്ള സ്ഥലത്താണ് ഈ സ്ഥാപനം. അവിടെ ചാപ്പലും ഒരു കെട്ടിടവുമുണ്ടു്. ഇവിടെ മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ തയ്യൽപരിശീലന കേന്ദ്രവും നഴ്സറി സ്കൂളും പ്രവർത്തിക്കുന്നു.

ബാല്യചാപല്യങ്ങൾ പിന്നിടുമ്പോഴും വളർച്ചയിലേയ്ക്ക് കുതിക്കാൻ വെമ്പൽ കൊള്ളുകയാണ് തിരുവനന്തപുരം ഭദ്രാസനം.

രൂപം കൊണ്ട കാലത്തു് തിരുവനന്തപുരം മെഡിക്കൽ കോളേജിനു സമീപം 'ടാഗോർ ഗാർഡൻസിലെ, വാടകക്കെട്ടിടത്തിലായിരുന്നു അരമനയും ഭദ്രാസന ഓഫീസും, അന്നുമുതൽ ഭദ്രാസനത്തിന് സ്വന്തമായൊരു ആസ്ഥാനം എന്ന സ്വപ്നത്തെ ഭദ്രാസന

(ശേഷം 3–ാം പേജിൽ)

## അമേരിക്കയിലൂടെ—9

# വില്ക്കാനുണ്ട് പള്ളികൾ

**ഷേബാലി**

അമേരിക്കയിൽ വാസസ്ഥലങ്ങൾക്കു മുന്നിലുള്ള റോഡിലൂടെ യാത്രചെയ്യുന്നവർ ഒന്നു കാലു തെററി വീണാൽ മതി.

വീഴുന്നയാൾ മുന്നിലുള്ള വീട്ടുകാരനെതിരെ കേസു കൊടുത്തിരിക്കും തീർച്ച.

കേസിനു 'സ്യൂ' ചെയ്യുക എന്നാണ് പറയുക. വീട്ടുടമസ്ഥൻ തൻെറ മുന്നിലുള്ള പബ്ലിക്ക് റോഡ് വൃത്തിയാക്കിയിട്ടില്ല എന്നതാണ് വാദിക്കാരൻെറ പക്ഷം. താൻ വീണതുകൊണ്ട് ശരീരത്തിനു ക്ഷതം സംഭവിച്ചു എന്നും അതുകൊണ്ട് ജോലിചെയ്യാൻ വയ്യാത്ത ഒരവസ്ഥ തനിക്കുണ്ടായെന്നും അതിൽ സാമ്പത്തിക നഷ്ടം ഉണ്ടാവുന്നുവെന്നും അതുകൂടാതെ കുടുംബം പുലർത്തുവാൻ സാധിക്കാതെ വരുന്ന കാര്യമോർത്ത്മാനസിക ക്ലേശങ്ങൾ– അതുവഴി മാനസിക വിക്ഷോഭം തന്നെ തനിക്കുണ്ടായെന്നും അതുകൊണ്ട് ഇതെല്ലാം കണക്കുകൂട്ടി അത് നഷ്ടപരിഹാരമായി ആ വീട്ടുടമസ്ഥൻ തരണമെന്നുമാണ് വാദിയുടെ പക്ഷം.

കോടതിയിൽ വാദിക്കാൻ വക്കീലിനെയും ഫ്രീയായി കിട്ടും. അനുവദിച്ചുകിട്ടുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം നല്കണമെന്ന കരാറിലായിരിക്കും വക്കീൽ കക്ഷിയുമായി രേഖവയ്ക്കുന്നതു്. അതുകൊണ്ട് വക്കീൽ ഈ തുകകൂട്ടി വലിയ ഒരു സംഖ്യതന്നെ കോടതി മൂലം അനുവദിപ്പിച്ചു കൊടുക്കുവാൻ അക്ഷീണയത്നം നടത്തുന്നു.

അതുകൊണ്ട് വീട്ടുകാർ എല്ലാവരും തങ്ങളുടെ മുന്നിലുള്ള പബ്ലിക് റോഡുകൾ എപ്പോഴും വൃത്തിയായി സൂക്ഷിക്കുവാൻ പ്രയത്നിക്കുന്നുവെന്നതാണ് ഇതിൻെറ നന്മ.

ഈ പരിപാടിയിലൂടെ പണം ഉണ്ടാക്കുന്നവരും കുറവല്ല.

അമേരിക്കക്കാർ തങ്ങളുടെ വിട്ടുവളപ്പിലുള്ള മാവിൽ വിളഞ്ഞു പഴുത്തു നില്ക്കുന്ന മാങ്ങ ഉപയോഗിക്കാറേ ഇല്ല. മലയാളികൾക്ക് മാങ്ങാ ഇഷ്ടവുമാണല്ലോ.

ഒരിക്കൽ ഒരു അമേരിക്കക്കാരനോട് മലയാളി കുടുംബം മാങ്ങാ പറിക്കുവാനുള്ള അനുവാദം ചോദിച്ചു. അയാൾ അതു് അനുവദിക്കുകയും ചെയ്തു.

മലയാളി മാവിൽ കയറി വീണു. കാര്യം കേസായി.

ഒരു ഭീമമായ തുക തൻെറ വീട്ടുടമസ്ഥനിൽനിന്നു് ഈടാക്കി. ഇപ്പോൾ ഒരമേരിക്കക്കാരനും മാങ്ങാ പഴുത്തു വിളഞ്ഞു കിടന്നാൽ കൂടി മലയാളിയെ പറമ്പിൽ കയററാറില്ല എന്നതാണു സത്യം.

എന്താ... ഇങ്ങനെയും പണമുണ്ടാക്കാൻ തുടങ്ങിയാലോ. മലയാളി എന്നപേരു തന്നെ അമേരിക്കക്കാരനു് ഇന്നു് അലേർജിയായി തുടങ്ങിയിരിക്കുന്നു.

ഇൻഡ്യക്കാരെ 'ഡോട്ട്ബസ്റ്റേഴ്സ്' (പൊട്ടുകുത്തികൾ) എന്നാണ് വിളിക്കാറു്.

കയററുമതിയേർപ്പാടിൽ കുരുമുളകിൻെറക്കൂടെ പരുത്തിക്കുരുവും ഗ്രാമ്പുവിൻെറക്കൂടെ വയണക്കുരുവും കയററി വിട്ട് നമ്മുടെ വില നമ്മൾതന്നെ കളഞ്ഞു് അന്യരാജ്യങ്ങളിൽഅതിനുള്ള സാധ്യതപോലും ഇല്ലാതാക്കുന്നതിൽ മിടുക്കരാണ് കേരളീയർ. അമേരിക്കയിൽ മായം അന്ത്യന്തം ശിക്ഷാർഹമായ ഒരേർപ്പാടാണ്. ഭക്ഷണ വസ്തുക്കളിൽ മായംകലർന്നാൽ ഭക്ഷിക്കുന്ന ആളിനു് അതിൻെറ സാമ്പിൾ സഹിതം കോടതിയിൽ ചെല്ലാം. ലാഭമുണ്ടാക്കിയതും തറവാട്ട വിററാലും പോരാത്തരീതിയിൽ അതിനു് വില നല്കേണ്ടി വരും.

അതുകൊണ്ടവിടെ മായത്തിൻെറ ഏർപ്പാടേ ഇല്ല.

ഉള്ളതു തന്നെ ഏററം ശുദ്ധീകരിച്ചേ വില്പനയ്ക്കു വയ്ക്കാറുമുള്ളൂ.

സിററി വക വാട്ടർ കണക്ഷനാണ് വീടുകളിൽ.

കിട്ടുന്ന കുടിവെള്ളത്തിൽ എന്തെങ്കിലും അണുക്കൾ കണ്ടാൽ സിററിയെ 'സ്യൂ' ചെയ്യുക തന്നെ ചെയ്യും. അതുകൊണ്ട് അവരും ജാഗ്രതയിലാണ്.

നമ്മുടെ നാട്ടിലോ...അണ വല്ല ആന തന്നെ പൈപ്പുവെള്ളത്തിലായാലും സിററി അതോററ്റി തന്നെ വിജയിക്കും. കേസുകൊടുത്തവൻെറ കണക്ഷൻ തന്നെ കട്ടു ചെയ്യുന്നുമിരിക്കും.

അതുകൊണ്ട് എല്ലാ കച്ചവട ഇടപാടിലും അതിൻെറ എല്ലാ മെച്ചമായ തരവും കാഴ്ചവയ്ക്കുവാനെ ഓരോരുത്തരും ശ്രദ്ധിക്കയുള്ളൂ. അമേരിക്കയുടെ വിസ്തൃതി–അകലങ്ങൾ ഇല്ലാതാക്കുന്നതു് അവിടത്തെ ഫോണാണ്. ഉള്ളം കയ്യിൽ ലോകത്തിൻെറ വസ്തൃതി അതിരില്ലാതാക്കുന്നു. ബട്ടൺ അമർത്തിയാൽ ഞൊടിയിടയ്ക്കുള്ളിൽ ലോക്കലും ഇൻറർസ്റ്റേററും ഇൻറർ നാഷണലും ഫോൺ അവിടെ ലഭിക്കുകയായി.

ഫോൺ പ്രൈവററ് ഏജൻസികളുടേതാണ്.

അമേരിക്കയിൽ പല പ്രൈവററ് ഏജൻസികളുടെ വക ഫോൺ ഉണ്ട്.

ഒന്നിൽ ഏതെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അവരെ വിളിച്ചു പറഞ്ഞാൽ മതി, അതു് ഞൊടിയിടയ്ക്കുള്ളിൽ പരിഹരിച്ചുതരും. അവരുടെ ഇടപെടലിൽ അതൃപ്തിതോന്നുന്ന ഉപയോക്താവിനു് മറെറാരു ഫോൺ കമ്പനിയെ വിളിച്ച് പുതിയ കണക്ഷൻ തേടാം.

അതുകൊണ്ട് എല്ലാ കമ്പനികളും അവരവരുടെ ബിസിനസ് വിജയത്തിനു് എന്തു വിട്ടുവീഴ്ചകൾ വരെയും ഉപയോക്താവിനു് ചെയ്തുകൊടുക്കുമെന്നതാണ് മേൻമ.

നമ്മുടെ നാട്ടിലോ.

വിളിച്ചാൽ കിട്ടിയില്ലെങ്കിൽ കൂടി നമ്മുടെ ബില്ലിൽ ആ തുക വരെയും വന്നെന്നിരിക്കും. പരാതി ആരോടുപറയാൻ. നമ്മുടേതു് സർക്കാർ ഇടപാടിലുള്ളതല്ലേ?

ഇവിടെ ശമ്പളം കൂടാതെ കിമ്പളവും ചെന്നെങ്കിലേ ഒരു അത്യാവശ്യമരണവാർത്ത പോലും അറിയിക്കാൻ തരമാവുകയുള്ളല്ലോ.

(തുടരും)

## തിരുവനന്തപുരം തുടർച്ച

2–ാംപേജിൽനിന്നും

മെത്രാപ്പോലീത്താ താലോലിച്ചു തുടങ്ങി. നിരന്തരമായ പ്രാർത്ഥന, കഠിനാദ്ധ്വാനം. എല്ലാററിൻേറയും ഫലങ്ങൾ കണ്ടു തുടങ്ങി.

1980 ആയപ്പോഴേക്കും ഉള്ളൂർ ജംങ്ഷനിൽ കാതോലിക്കാ സിംഹാസനത്തിലേയ്ക്ക് ഒരു സഭാസ്നേഹി സംഭാവന ചെയ്ത സ്ഥലത്തു് ഭദ്രാസന ആസ്ഥാനത്തിൻെറ പണി ആരംഭിച്ചു. തിരുവനന്തപുരം പോലെ ഒരു നഗരത്തിൽ, സഭയുടെ അന്തസ്സിനെ ഉയർത്തിപ്പിടിക്കുന്നതാവണം ഭദ്രാസന ആസ്ഥാനമെന്നു് മെത്രാപ്പോലീത്താ മനസ്സിലുറപ്പിച്ചു.



തിരുവനന്തപുരത്തെ ഹോളിട്രിനിററി ബാലഭവൻ

അരമന ചാപ്പൽ കമ്മ്യൂണിററി ഹാൾ, ഗസ്റ്റ്ഹൗസ്, ലൈബ്രറി, കോൺഫ്രൺസ് ഹാൾ, വി. ഐ. പി. റൂം എന്നിവയെ ഉൾക്കൊള്ളിച്ചു ആറുനിലയിലൊരു മന്ദിരമാണ് വിഭാവനം ചെയ്തിരിക്കുന്നതു്. താഴത്തെ നിലയും, ഒന്നാം നിലയുടെ പകുതിഭാഗവും മാത്രമേ പണിതീർന്നിട്ടുള്ളു. ആദ്യനില അരമന ചാപ്പലായും (ഹോളിട്രിനിററി ചാപ്പൽ) കമ്മ്യൂണിററി ഹാളായും ഉപയോഗിച്ചുവരുന്നു.

ഒന്നാം നിലയിൽ പണിതീർന്ന ഭാഗത്തു് മെത്രാപ്പോലീത്തായുടെ വാസസ്ഥലവും ഭദ്രാസന ഓഫീസും പ്രവർത്തിക്കുന്നു. ആഫീസിൻെറ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതു് ഭദ്രാസന സെക്രട്ടറി ഫാ. സ്റ്റീഫൻ വൈരമൺ ആണ്. ആഫീസ് സെക്രട്ടറിയായി ഫാ: ബി. സ്റ്റീഫൻ, മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി ഡീ. ജോൺ പണിക്കർ, ബാലഭവനം ഡയറക്ടറായി ജോൺ പി. തോമസ് ഹോളിട്രിനിററി ചാപ്പലിൻെറ ചാപ്പയിനായി ഫാ. എം. ജോൺസൺ എന്നിവർ സേവനം അനുഷ്ഠിക്കുന്നു.

കൊല്ലം, തിരുവനന്തപുരം, തമിഴ്നാട്ടിലെ കന്യാകുമാരി എന്നീ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന തിരുവനന്തപുരം ഭദ്രാസനത്തിൽ 98 പള്ളികളുണ്ട്. എന്നാൽ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതിനാൽ പതിനാറു പള്ളികളിൽ മാത്രമാണ് എല്ലാ ഞായറാഴ്ചകളിലും വി. കർബാന നടക്കുന്നതു്. നാല്പതിലധികം പള്ളികളിലും മാസത്തിൽ ഒരു തവണ മാത്രമേ ആരാധന നടക്കുന്നുള്ളു. സാമ്പത്തിക ഞെരുക്കം മൂലം വൈദികർക്കുള്ള ശമ്പള വിഹിതം അടയ്ക്കുവാൻ പ്രയാസപ്പെടുന്നവയാണ് പല പള്ളികളും.

ഭദ്രാസനത്തിൻെറ ആഭിമുഖ്യത്തിൽ സൺഡേസ്കൂൾ, മർത്തമറിയം സമാജം, യൂത്തുലീഗ്, ബാലികാ സമാജം, ബാലസമാജം, മിഷൻബോർഡ് എന്നീ ആദ്ധ്യാത്മിക സംഘടനകൾ ആത്മീകോജ്ജ്വലത്തോടെ വർത്തിക്കുന്നു.

പ്രാർത്ഥനയുടേയും ഉപവാസധ്യാനത്തിൻേറയും മാർഗ്ഗത്തിലൂടെ സഭയ്ക്കു' വളർച്ചയും, ആത്മീയോന്നതിയും നേടുന്നവയാണ് ആശ്രമങ്ങൾ.

പൊതുവെ ഭദ്രാസനഭരണത്തിൻെറ തലങ്ങളിൽ സുസ്ഥിരതയെ പ്രദാനം ചെയ്യുമ്പോൾ, അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും, കണ്ണീരൊഴുകുന്നവർക്കും അഭയകേന്ദ്രമായി തിരുവനന്തപുരം ഭദ്രാസനം ശോഭിക്കുന്നു; അവിടെ എല്ലാററിനും ചുക്കാൻപിടിച്ചുകൊണ്ട്. കൂടുതൽ സേവനരംഗങ്ങൾക്കായി കാത്തു്, ദു:ഖിതരെ ആശ്വസിപ്പിക്കാൻ അക്ഷമനായി കാത്തിരിക്കുന്ന ഭദ്രാസന മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ദീയസ്കോറസ്.

അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള ഒരു കല്പനയിൽ ഭദ്രാസന കേന്ദ്ര നിർമ്മാണത്തിൻെറ ഒന്നാംഘട്ടത്തിനുശേഷം മിച്ചം വന്ന തേക്കുതടിയും കമ്പികളും പണത്തിൻെറ അപര്യാപ്തതയാൽ ഉപയോഗമില്ലാതെ കിടക്കുന്നതായി ചൂണ്ടിക്കാട്ടുന്നു.

നേർച്ചയായി ഏതെങ്കിലും പരിശുദ്ധൻെറ നാമത്തിൽ ദേവാലയം പണിതു സമർപ്പിക്കുവാൻ കഴിവുള്ളവർ സഭയിലുണ്ട്. അപ്രകാരമുള്ളവർ ഉണർന്നു സഹായിച്ചാൽ വലിയ അനുഗ്രഹമായിരിക്കും. നേർച്ച നൽകിയ ഭക്തൻെറ പേരു് ആലേഖനം ചെയ്തു് 'സ്പർഹായെ' ഓർമ്മയായി ദേവാലയത്തിൽ സ്ഥാപിക്കുന്നതാണ്.

ഭദ്രാസന ആസ്ഥാനം പണിയുവാനാവശ്യമായ സാമ്പത്തികസഹായം നേർച്ചയായും കടമായും സ്വീകരിക്കുന്നതാണ്. കടമായി നൽകുന്ന തുകയ്ക്കു് 6% പലിശയും നൽകുവാൻ സന്നദ്ധമാണ്.

ഭദ്രാസനം വകയായി ഇടമുളയ്ക്കലുള്ള 12 ഏക്കർ സ്ഥലത്തു' കൃഷി ചെയ്തിട്ടുള്ള റബ്ബറിൻെറ ആദായം ഉടനെ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് കടം തിരിച്ചടയ്ക്കുവാൻ കഴിയുന്നതാണ്.

കേരള സംസ്ഥാനത്തിൻെറ തലസ്ഥാനനഗരിയിൽ, വിഭാവനം ചെയ്തിട്ടുള്ളതുപോലെ ഭദ്രാസന ആസ്ഥാനം ഉയർന്നു വന്നാൽ ഓർത്തഡോക്സ് സഭയ്ക്കുതൊരു മുതൽക്കൂട്ടും അതിനുപരിയായി ഒരഭിമാനസ്തംഭവും ആയിരിക്കും.

'സന്തോഷത്തോടെ നൽകുന്നവരെ ദൈവം അനുഗ്രഹിക്കും.'

1000 രൂപാ മുതൽ 10000 രൂപാ വരെ 5 മുതൽ 10 വർഷത്തേയ്ക്കു് കടമായി തന്നു സഹായിക്കുമെന്നു് പ്രതീക്ഷിക്കുന്നു. കടം തരുന്ന തുകയ്ക്കു് സഭാഭരണഘടനപ്രകാരം Loan-Bond കൾ നൽകുന്നതാണ്.

ഈ യത്നത്തിൽ സഹായിക്കുന്ന ഏവരേയും വി.കുർബാനയിൽ ഓർക്കുന്നതാണ്.

ചെക്കുകളായോ മണിഓർഡറുകളായോ, ഡ്രാഫ്ററുകളായോ പണം സ്വീകരിക്കുന്നതാണ്. മേൽവിലാസം: ഗീവറുഗീസ് മാർ ദീയസ്കോറസ് മെത്രാപ്പോലീത്താ, തിരുവനന്തപുരം ഭദ്രാസന ഓഫീസ്, ഹോളിട്രിനിററി ഹാൾ, മെഡിക്കൽ കോളേജ് പി ഒ, തിരുവനന്തപുരം–11

**തയ്യാറാക്കിയതു് ജോൺ കക്കാട്ട്**

# ഗീവർഗീസ് ദ്വിതീയൻ സ്മരണകൾ

## ആരാധനയും സംഗീത ഉപകരണങ്ങളും

### ഫാ. കെ. വി. മാത്യൂസ്

പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻബാവാ തിരുമേനി തന്റെ ആത്മീയ ജീവിതത്തിന് തുടക്കംകുറിക്കുന്നത് പരുമല സെമിനാരിയിലാണ്. മലങ്കരയുടെ മഹാപരിശുദ്ധൻ പരുമല കൊച്ചുതിരുമേനിയുടെ വാത്സല്യശിഷ്യനായി ഒൻപതാം വയസ്സിൽ ശെമ്മാശ്ശുപട്ടം സ്വീകരിച്ച പ. ബാവാ ദീർഘകാലം പരുമല സെമിനാരിയിൽ താമസിച്ചു. പരുമലസെമിനാരി മാനേജരായിരുന്ന ഫാ. കെ വി. മാത്യൂസ് തന്റെ സ്മൃതിയുടെ ഭണ്ഡാരം തുറന്ന്, അതിൽനിന്ന് പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവായെക്കുറിച്ചുള്ള ഓർമ്മകളുടെ അമൂല്യരത്നങ്ങൾ പുറത്തെടുക്കുന്നു.

ദീർഘകാലം പരുമലപ്പള്ളിയിൽ താമസിച്ചിരുന്ന പ: ബാവാ തന്റെ സ്വന്തം തറവാടിനെപ്പോലെ പരുമലപ്പള്ളിയെ സ്നേഹിച്ചിരുന്നു. തന്റെ സ്വന്തമായി പരുമലപ്പള്ളിയെ അദ്ദേഹം കരുതി. അതുകൊണ്ട് പള്ളി ഏററം ഭംഗിയായി സൂക്ഷിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. മദ്ബഹായിലെ കുരിശ് അദ്ദേഹമാണ് പണിയിച്ചത്. കൂടാതെ പള്ളിയുടെ കിഴക്കുവശത്തുള്ള ഊട്ടുപുരയും പണിയിക്കുവാൻ മുൻകൈയെടുത്തത് അദ്ദേഹമായിരുന്നു.

പ: ബാവാ കാതോലിക്കാ ആയതിനുശേഷം പരുമലപ്പള്ളിയിൽ എത്തിയാൽ പള്ളിയുടെ തെക്കെ അററത്തെ വരാന്തയിൽ ആയിരുന്നു ഇരിക്കാറുണ്ടായിരുന്നത്. 'എന്റെ ദൈവമേ എന്റെ ദൈവമേ എന്റെ ജനം എന്റെ ജനം ദൈവം എന്നെ ഏൽപിച്ച ജനം' എപ്പോഴും ഉരുവിടാറുള്ള പ്രാർത്ഥന; നല്ലയിടയൻ തന്റെ ആടുകളെക്കുറിച്ചുണ്ടായിരുന്ന അത്യധികമായ പ്രതിബദ്ധതയാണ് ഈ വാക്കുകളിൽ സ്ഫുരിക്കുന്നത്.

പ: ഗീവറുഗീസ് ദ്വിതീയൻ ബാവാ റമ്പാനായി പരുമലയിൽ താമസിക്കുന്ന കാലത്ത് അദ്ദേഹത്തിനു മനക്ളേശമുണ്ടാക്കുന്ന ഒരു സംഭവം ഉണ്ടായി. മേല്പാടം എന്ന സ്ഥലത്തുനിന്നും പരുമലയിൽ വന്നു താമസിച്ചിരുന്ന ഒരാളുമായി, ഏതോ പള്ളിക്കാര്യത്തിന് അദ്ദേഹത്തിന് അഭിപ്രായവ്യത്യാസമുണ്ടായി. അതിനുശേഷം ഒരു ഞായറാഴ്ച റമ്പാച്ചൻ വി. കുബ്ബാന ചൊല്ലുവാൻ ഒരുങ്ങി പള്ളിമുറിയിൽ ഇരിക്കുമ്പോൾ മേൽപറഞ്ഞ വ്യക്തിയുടെ പിതാവു വന്ന് തന്റെ പുത്രന്റെ നിലപാടിനെ ന്യായീകരിച്ചു സംസാരിച്ചു. എന്നാൽ അത് അദ്ദേഹത്തിനിഷ്ടമായില്ല. അവർ തമ്മിൽ പരസ്പരമുള്ള സംസാരം അല്പം ഉച്ചത്തിലായപ്പോൾ സെമിനാരിയുടെ തെക്കേ അററത്തു മുറിയിൽ താമസിച്ചിരുന്ന മലങ്കര മെത്രാപ്പോലീത്താ വട്ടശേരി മാർ ദിവന്നാസ്യോസ് തിരുമേനി ഇറങ്ങിവന്ന് അപരനെ ശാസിച്ചു

പരുമല സ്വദേശിയല്ലാത്ത റമ്പാച്ചൻ അയാളുടെയും മററും ചൊൽപ്പടിയിൽ നിൽക്കണം എന്നായിരുന്നു അയാൾ ആഗ്രഹിച്ചിരുന്നത്. എന്നാൽ പള്ളിയുടെ ഭരണത്തിലും മററും സത്യസന്ധതയിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുത്തിരുന്ന അദ്ദേഹം ഒരിക്കലും അവരുടെ കുതന്ത്രങ്ങൾക്ക് വഴങ്ങുകയുണ്ടായില്ല. പിന്നീട് റമ്പാച്ചൻ മെത്രാനായപ്പോഴും, കാതോലിക്കാ ബാവാ ആയപ്പോഴും മുൻപറഞ്ഞ വ്യക്തിയുടെ വൈരാഗ്യം തണുത്തിരുന്നില്ല. പലപ്പോഴും തിരുമേനിക്കെതിരായി കേസ്സുകൾ കൊടുത്തിട്ടുണ്ട്. എന്നാൽ അവയെല്ലാം നിരുപാധികം തള്ളിപ്പോവുകയാണുണ്ടായത്.

ബാവാ, റമ്പാനായിരിക്കുമ്പോൾ കർബ്ബാനചൊല്ലി കിട്ടിയ പണം കൊണ്ടാണ് അദ്ദേഹം മെത്രാനായിക്കഴിഞ്ഞപ്പോൾ കുണ്ടറ സെമിനാരി പണിയിച്ചത്. കൊല്ലം, നിരണം ഭദ്രാസനങ്ങളുടെ മെത്രാനായിരുന്ന പ. തിരുമനസ്സ് കുണ്ടറ സെമിനാരിയിൽ താമസിച്ചുകൊണ്ടിരിക്കെ ഒരു സംഭവമുണ്ടായി.

കുണ്ടറ സെമിനാരി മുററം അടിച്ചുകൊണ്ടിരിക്കുകയായിരുന്ന ഒരു കുറവൻ അദ്ദേഹത്തോട് പറഞ്ഞു. 'അവിടുന്നു രാജാവിന്റെ രാജാവാണ്'. ഇതുകേട്ട് ചിരിച്ചുകൊണ്ട് തിരുമനസ്സ് വിനയത്താൽ അതു നിഷേധിച്ചു. എന്നാൽ കുറവൻ വിട്ടില്ല. അയാൾ തിരുമനസ്സിനോട് മെഴുക് എടുത്തുകൊണ്ടുവരുവാൻ പറഞ്ഞു. മെഴുകു കൊണ്ടുചെന്നപ്പോൾ അത് അണ്ണാക്കിൽ പതിപ്പിച്ചിട്ട് പുറത്തെടുത്തു കാണിച്ചു. അതിൽ ഒരു മുദ്ര തെളിഞ്ഞിരുന്നു. ആ കുറവൻ പറഞ്ഞത് പിന്നീട് സത്യമായിത്തീർന്നല്ലോ. വലിയൊരജഗണത്തിനധിപനായി പ. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളുവാൻ അദ്ദേഹത്തിന് കഴിഞ്ഞല്ലോ.

സമുദായക്കേസ്സിന്റെ കാലത്ത് കേസ്സു നടത്തുവാനുള്ള പണത്തിന്റെ ആവശ്യത്തിനായി പ. ബാവാ തിരുമനസ്സ് പരുമലപ്പള്ളിയിൽ മിച്ചം വരുന്ന പണം വിനിയോഗിച്ചിരുന്നു. കേസ്സ് ജയിച്ചശേഷം ഒരിക്കൽ പരുമല സെമിനാരി മാനേജരായിരുന്ന ഫാ. കെ വി. മാത്യൂസിനോട് അദ്ദേഹം ചോദിച്ചു, 'എടോ കേസ്സിനായി നാം എന്തു പററിയിട്ടുണ്ട്?' പതിനൊന്നു വർഷംകൊണ്ട് 49000 രൂപയോളം പററിയിട്ടുണ്ടെന്ന് അച്ചൻ മറുപടി പറഞ്ഞു. 'ഇനിയും നമുക്കിവിടുത്തെ പണമൊന്നും വേണ്ട. പണംകൊണ്ട് വല്ല പണികൾ എന്താണെന്നാൽ ചെയ്യോണം' എന്നു കല്പിച്ചു. എങ്കിലും താൻ വളന്ന പരുമല സെമിനാരിയോടുള്ള അവഗാഢമായ ബന്ധം അദ്ദേഹം തുടർന്നുപോന്നു. സഭയിൽ ഏതു പ്രശ്നമുണ്ടാകുമ്പോഴും തന്റെ ഗുരുവായ പരിശുദ്ധ പരുമല തിരുമേനിയുടെ കബറിങ്കൽ എത്തി പ്രാർത്ഥിക്കുമായിരുന്നു. കൂടാതെ പരുമല സെമിനാരിയിലെ കാര്യങ്ങൾ അന്വേഷിച്ചിരുന്നു.

ആദ്യദൃഷ്ടിയിൽത്തന്നെ ഒരുവനെ വിലയിരുത്തുവാനുള്ള അപൂർവ്വമായ കഴിവ് തിരുമനസ്സിനുണ്ടായിരുന്നു. പുതിയതായി ആരെയെങ്കിലും കണ്ടാൽ അയാളുടെ മുഖത്തേക്കു സൂക്ഷിച്ചുനോക്കും. ആഗതൻ എങ്ങനെയുള്ളവനാണെന്ന് പഠിക്കും. അയാൾ പോയിക്കഴിഞ്ഞാലുടൻ, തന്റെ അടുത്ത് വിശ്വസ്തരായ ആരെങ്കിലും നിൽപ്പുണ്ടെങ്കിൽ അവരോട് പറയും പോയ ആൾ നല്ലവനാണോ ചീത്തയാണോ എന്ന്.

പട്ടം കൊടുക്കാനായി അദ്ദേഹം ആളുകളെ തിരഞ്ഞെടുത്തിരുന്നതും സൂക്ഷ്മനിരീക്ഷണത്തിനുശേഷമായിരുന്നു. കശ്ശീശാപട്ടം കൊടുക്കുമ്പോൾ പട്ടം സ്വീകരിക്കുന്നആളിന്മേൽപരിശുദ്ധാത്മാവിനെ ആവസിപ്പിച്ച് ഇറക്കുന്ന ശുശ്രൂഷയിൽത്തന്നെ പട്ടമേൽക്കുന്ന ആളിനെപ്പററി തിരുമേനിക്ക് ബോദ്ധ്യമുണ്ടാകും. പരിശുദ്ധാത്മാവ് അയാളിൽ ഇറങ്ങിയത് സന്തോഷത്തോടെയാണോ കോപത്തോടെയാണോ എന്ന കാര്യം വ്യക്തമായി അറിയിക്കത്തക്ക കാന്തദർശിത്തം അദ്ദേഹത്തിനുണ്ടായിരുന്നു.

പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതത്തിലെ വലിയ ആയുധമായിരുന്നു. ഈജിപ്ത് വനാന്തരങ്ങളിലെ ആശ്രമങ്ങളിൽ താമസിച്ചുകൊണ്ടിരുന്ന പരിശുദ്ധന്മാരുടെ ചരിത്രമടങ്ങിയ 'പറുദീസ' എന്ന ഒരു വലിയ പുസ്തകം അദ്ദേഹം വി. വേദപുസ്തകത്തോടൊപ്പം നിത്യവും പാരായണം ചെയ്യുമായിരുന്നു.

പരിശുദ്ധന്മാരോട് പ: ബാവായ്ക്കുണ്ടായിരുന്ന ഭക്തിക്കു മകുടോദാഹരണമാണ്, അദ്ദേഹം പരിശുദ്ധന്മാരുടെ എല്ലാ പെരുനാളുകളും മുടക്കംകൂടാതെ നടത്തുമായിരുന്നു എന്നുള്ളത്. ഓരോ പരിശുദ്ധന്മാരുടെയും, ശുദ്ധിമതികളുടേയും പെരുനാളുകളിൽ ചൊല്ലേണ്ടതായ പ്രാർത്ഥനകൾ പരുമല തിരുമേനിയും, മററു മുൻഗാമികളും സ്വകൈപ്പടകളിൽ 'പിങ്കീസാ' എന്നെഴുതിയ സുറിയാനി നമസ്ക്കാരങ്ങൾ മൂന്നുവാല്യങ്ങളിലായി അച്ചടിച്ച് അദ്ദേഹം ഉപയോഗിച്ചിരുന്നു.

പ: തിരുമനസ്സിന് വേഷഭൂഷാധികളോട് വളരെയേറെ താല്പര്യമുണ്ടായിരുന്നു. അക്കാര്യത്തെപ്പററി ആരെങ്കിലും ചോദിച്ചാൽ മാർ അപ്രേമിന്റെ കാലത്ത് ജീവിച്ചിരുന്ന വലിയ മാർ ബസ്സേലിയോസിന്റെ കഥപറയുമായിരുന്നു.

കൂദാശകളിൽ സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നത് അദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. അവ കൂദാശകളുടെ വിശുദ്ധി നഷ്ടപ്പെടുത്തുന്നു എന്നദ്ദേഹം വിശ്വസിച്ചിരുന്നു. അതു തെളിയിക്കുവാൻ പ: തിരുമനസ്സ് ഒരു കഥ പറയുമായിരുന്നു അതിപ്രകാരമാണ്: 'ഈജിപ്തിലെ വനാന്തരങ്ങളിൽ അനേകം ആശ്രമങ്ങളും അവയിൽ അനേകായിരം സന്യാസിമാരും ഉണ്ടായിരുന്നു. ഒരിക്കൽ പിശാച് ഒരു പരിശുദ്ധന്റെ രൂപം ധരിച്ച് അവിടെ എത്തി. പിശാചിന്റെ ഭക്തിയും ശുദ്ധജീവിതവും കണ്ട് ആശ്രമവാസികൾ അദ്ദേഹത്തെ ആശ്രമസുപ്പീരിയറായി തിരഞ്ഞെടുത്തു.

ഒരിക്കൽ 'സുപ്പീരിയർ' ആശ്രമവാസികളെയെല്ലാം വിളിച്ചുകൂട്ടി ആശ്രമത്തിലെ പ്രാർത്ഥനയെപ്പററി ചർച്ചചെയ്തു. ആ സമയം സുപ്പീരിയർ ആശ്രമവാസികളെ അഭിസംബോധന ചെയ്തുകൊണ്ടു പറഞ്ഞു.

'നമ്മൾ പ്രാർത്ഥനയിൽ സങ്കീർത്തനങ്ങളുടെ ഭാഗങ്ങളാണല്ലോ ധാരാളമായിഉപയോഗിക്കുന്നത്. സങ്കീർത്തനങ്ങളിൽ തപ്പുകളാലും ചതുരതപ്പുകളാലും. നാദമുള്ള കൈത്താളങ്ങളാലും യഹോവയെ സ്തുതിപ്പിൻ എന്നാണല്ലോ എഴുതിയിരിക്കുന്നത്. അതുകൊണ്ട് മഹാപരിശുദ്ധനും ദൈവത്തിന്റെ വാത്സല്യവാനുമായിരുന്ന ദാവീദ് പറഞ്ഞിരിക്കുന്ന പ്രകാരം സങ്കീർത്തനങ്ങളിലെ സംഗീത ഉപകരണങ്ങളുണ്ടാക്കി നാമതു പ്രാർത്ഥനയിൽ ഉപയോഗിക്കണം'. ആശ്രമവാസികളതംഗീകരിച്ചു. ഓരോ സന്യാസിമാരും ഓരോ തരത്തിലുള്ള ഉപകരണങ്ങളുണ്ടാക്കിപരിശീലിച്ച് പ്രാർത്ഥനയിൽ ഉപയോഗിക്കാൻ തുടങ്ങി. അങ്ങനെ ആശ്രമത്തിൽ പ്രാർത്ഥന വളരെ മേളമായി നടന്നു. എന്നാൽ ദൈവഭക്തി അവിടെനിന്ന് പൊയ്പ്പോയി.

ആശ്രമത്തിന്റെ സന്ദർശക എപ്പിസ്ക്കോപ്പായ്ക്കു ഈ വി

(ശേഷം 5–ാം പേജിൽ)





MON K. SAM
Philadelphia U.S.A.




MATHEW VARGHESE
Philadelphia U.S.A.

## അമൃത ബിന്ദുക്കൾ



**നൂററിപത്തൊൻപതു്**

നാവിനുള്ള സ്വഭാവംപോൽ
ജീവിതത്തിൽ ഗുണാഗുണം.

**നൂററിയിരുപതു്**

ദൈവനാമം നീതിമാന്നു
കോട്ടപോലെ ബലപ്രദം.

**നൂററിയിരുപത്തിയൊന്നു്**

പരിജ്ഞാനം ജ്ഞാനികൾക്കു
ധനംപോലെ ഫലപ്രദം.

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

# വിശുദ്ധസഭ

## 2 ഏകത്വത്തിൽ വിവിധത്വം

സഭ ഒന്നായതുകൊണ്ട് പ്രാദേശികത്വം, വ്യക്തിത്വം മുതലായവയെല്ലാം നിഷ്ക്കാസനം ചെയ്യപ്പെടണമെന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. സുറിയായിലെ ക്രിസ്ത്യാനികൾക്ക് മലങ്കരയിലെ ക്രിസ്ത്യാനികളിൽനിന്നും വിഭിന്നമായ യാതൊരു രീതികളും പാടില്ലെന്നോ, അവിടുത്തെ ഭരണക്രമം അതേപടി അമേരിക്കയിലെ ക്രിസ്ത്യാനികളും പാലിച്ചിരിക്കണമെന്നോ, മലയായിലെ സമ്പ്രദായങ്ങൾ പേർഷ്യയിലെ സമ്പ്രദായങ്ങളിൽനിന്നും വിഭിന്നമായിരിക്കരുതെന്നോ വാദിക്കുന്നത് ആദരണീയമായിരിക്കുകയില്ല. ഓരോ ദേശത്തിനും കാലത്തിനും അനുയോജ്യമായ പ്രാദേശികവും, കാലാനുസരണവുമായ വ്യത്യാസങ്ങൾ എല്ലാവരും അനുവദിക്കുന്നുണ്ട്.

ഒരു പ്രദേശത്തുള്ള സഭാംഗങ്ങളെല്ലാം ഒരേ അച്ചിൽ വാർത്തതുപോലെ വ്യത്യാസം കൂടാതിരിക്കണമെന്നില്ല. പൗലൂസ് ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ 'കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്, ആത്മാവ് ഒന്നത്രേ. ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ട്; കർത്താവ് ഒരുവൻ. വീര്യപ്രവൃത്തികളിൽ വ്യത്യാസമുണ്ട്. എങ്കിലും എല്ലാവരിലും, എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻതന്നെ. ഓരോരുത്തനും ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നൽകപ്പെടുന്നു. (1 കൊരി. 12:4–7) (14–31 വാക്യങ്ങളും വായിക്കുക) ഒരു വിശ്വാസി മറ്റൊരു വിശ്വാസിയിൽ നിന്നും പല കാര്യങ്ങളിലും വിഭിന്നമായിരിക്കാവുന്നതുപോലെ ഒരു പ്രാദേശിക സഭ മറ്റൊരു പ്രാദേശിക സഭയിൽനിന്നും വിഭിന്നമായിരിക്കാവുന്നതാണ്. ആരാധനാ രീതികളിലൊ, ശിക്ഷണനടപടികളിലോ പാരമ്പര്യങ്ങളിലോ എല്ലാദേശത്തുമുള്ള സഭകൾ ഒന്നായിരിക്കണമെന്നില്ല. ബ്രഹ്മവാറിലെയോ, തിരുച്ചിറ പള്ളിയിലെയോ ആരാധനാ രീതികൾ മലങ്കരയിലേതുപോലെ വേണമെന്നില്ല. ബ്രഹ്മവാറിൽ ലത്തിൻ തക്സാകൾ ഉപയോഗിക്കുമ്പോൾ മലങ്കരയിൽ സുറിയാനി തക്സാകളാണ്. രണ്ടിടത്തെയും വി: കുർബാനയോ, മറ്റു കൂദാശകളോ ഒരുപോലെ ഇരിക്കുന്നില്ല.

ആദിമ സഭയുടെ ഘടകങ്ങളെങ്കിലും, അതതിന്റെ കാര്യങ്ങൾ നോക്കിക്കൊണ്ടിരുന്ന സഭകളായിരുന്നു. അപ്പോസ്തോലന്മാരുടെ മേൽനോട്ടം അവയ്ക്കുണ്ടായിരുന്നു എന്നുള്ളത് വാസ്തവമാണ്. സമാധികാരത്തിൽ സ്ഥിതി ചെയ്തിരുന്ന റോമാ, കുസ്തന്തിനോ പോലീസ്, അലക്സന്ത്രിയാ, അന്ത്യോക്യാ, എന്നീ റോമാ സാമ്രാജ്യത്തിലെ നാലു പാത്രിയർക്കീസന്മാരും, അവരവരുടെ ഭരണസീമയിൽ സ്വതന്ത്രന്മാരായിരുന്നു. എന്നാൽ ആകമാന സുന്നഹദോസിന്റെ വിചാരണയ്ക്ക് അവർ കീഴ്പ്പെട്ടുകൊണ്ട് സഭയുടെ ഐക്യം പാലിച്ചിരുന്നു. ഈ വ്യവസ്ഥിതിയ്ക്ക് ഒരു മാറ്റം വന്നത് കല്ക്കദൂന്യാ സുന്നഹദോസ്സിനുശേഷം മാത്രമാണ്. റോമൻ കത്തോലിക്കാ സഭയുടെ പാപ്പാവകാശവാദം ആകമാന സുന്നഹദോസിന്റെ അധികാരത്തിനു ഉപരിയും, തന്മൂലം ആദിമസഭയുടെ പാരമ്പര്യത്തിനു വിഭിന്നവുമാകുന്നു. ആകമാന സഭയുടെ പരമാധികാരസമിതിയാകുന്ന ആകമാന സുന്നഹദോസ്സിനു വിധേയമായി സ്വതന്ത്രസഭകളെ അനുവദിക്കുന്ന ആ പഴയ പാരമ്പര്യംതന്നെ ഓർത്തഡോക്സ് സഭകൾ ഇപ്പോഴും പാലിച്ചുപോരുന്നു. സഭയുടെ വളർച്ചയിൽ അത്യാവശ്യമായിത്തീരുന്ന സ്വതന്ത്രസഭകളെ ഓർത്തഡോക്സ് സഭകൾ അനുവദിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ഒസ്തന്തിനോ പോലീസ് പാത്രിയർക്കീസിന്റെ പൊതുപ്രധാന മേലദ്ധ്യക്ഷതയിൽ സ്വതന്ത്ര പാത്രീയർക്കീസന്മാരുടെ കീഴിൽ സ്ഥിതി ചെയ്യുന്ന പല സഭകളും ഗ്രീക്ക് ഓർത്തഡോക്സ് സഭയിൽ ഉണ്ട്. ഓർത്തഡോക്സ് സുറിയാനി സഭയും ഈ രീതി മുൻകാലം മുതൽ പുലർത്തിപ്പോന്നിട്ടുണ്ട്. സുറിയാനി സഭയെ സംബന്ധിച്ചിടത്തോളം അർമ്മീനിയൻ സഭയും, കോപ്റ്റിക്ക സഭയും സ്വതന്ത്ര സഹോദരീ സഭകളാണ്. കിഴക്കിന്റെ കാതോലിക്കായുടെ പ്രധാന മേലദ്ധ്യക്ഷതയിൻകീഴിലുള്ള പൗരസ്ത്യ സുറിയാനി സഭ, അന്ത്യോക്യാ പാത്രിയർക്കീസിന്റെ പൊതുപ്രധാന മേലദ്ധ്യക്ഷതയിൽ സ്വതന്ത്രമായി സ്ഥിതി ചെയ്യുന്ന സുറിയാനി സഭാവിഭാഗമാകുന്നു. ഈ സ്വതന്ത്ര സഭകൾക്ക് ഓരോന്നിനും സ്വന്തമായ പ്രധാന മേലദ്ധ്യക്ഷനുണ്ടെങ്കിലും, അവ അന്യോന്യം സഹവർത്തിത്വമനുവദിച്ചുകൊണ്ട് ആകമാന സുന്നഹദോസിന്റെ പരമാധികാരത്തിനു വിധേയമായി സ്ഥിതി ചെയ്യുകയും, അങ്ങിനെ അന്യോന്യവും ക്രിസ്തുവുമായുള്ള ഐക്യം പാലിച്ചു പോരുകയും ചെയ്യുന്നു /

എല്ലാ സഭകളും ഒരേ ഭരണത്തിൻകീഴിൽ എല്ലാ കാര്യങ്ങളിലും നിലനിൽക്കണമെന്നുമില്ല. പരിച്ഛേദനയുടെ അപ്പോസ്തോലത്വത്തിനായി പത്രോസിനോടുകൂടെ വ്യാപരിച്ചവൻ ജാതികൾക്കായി പൗലൂസിനോടുകൂടി വ്യാപരിച്ചു. പത്രോസിനു പരിച്ഛേദനക്കാരുടെ ഇടയിലെ സുവിശേഷഘോഷണം എന്നപോലെ, പൗലൂസിനു അഗ്രചർമ്മക്കാരുടെ ഇടയിലെ സുവിശേഷഘോഷണം ഭരമേല്പിക്കപ്പെട്ടു. 'തൂണുകളായി എണ്ണപ്പെട്ടിരുന്ന യാക്കോബും, കേഫാവും; യോഹന്നാനും ഞങ്ങൾ ജാതികളുടെ ഇടയിലും, അവർ പരിച്ഛേദനക്കാരുടെ ഇടയിലും സുവിശേഷം അറിയിപ്പാൻ തക്കവണ്ണം എനിക്കും ബർന്നബാസിനും കൂട്ടായ്മയുടെ വലത്തു കൈ തന്നു' (ഗലാ 2:7-9) യെരുശലേമിലും, അന്ത്യോക്യായിലും, കോരിന്തു മുതലായ സ്ഥലങ്ങളിലും സഭയുണ്ടായിരുന്നു. അവയെല്ലാം ഒരേ രീതിയിൽ തന്നെ ഇരുന്നിരുന്നു എന്നു പറയുവാൻ നിവൃത്തിയില്ല. അവ ഏക പൊ

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് വൈദിക സെമിനാരി പ്രിൻസിപ്പൽ ആയിരുന്ന കാലഘട്ടത്തിൽ എഴുതിയത്.


**ഓർത്തഡോക്സ് ഹെറാൾഡ്**

ശനിയാഴ്ചതോറും ദേവലോകം അരമനയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

**വരിസംഖ്യ മുൻകൂർ**

ഒരുവർഷം— 60രൂപാ
രണ്ടുവർഷം— 100രൂപാ

ചെക്കുകളും ഡ്രാഫ്റ്റുകളും 'H. H. Baselius Mar Thoma Mathews I എന്ന പേരിൽ ക്രോസ് ചെയ്ത് അയയ്ക്കുക. വരിസംഖ്യ പുതുക്കുന്നവർ രജിസ്റ്റർ നമ്പർ കൂടി കാണിച്ചിരിക്കണം.

വിലാസം

ഓർത്തഡോക്സ് ഹെറാൾഡ്
ദേവലോകം അരമന
കോട്ടയം—686 038

Phone 0481-8234

**Advisory Board**

Patron
H. H. Baselius Marthoma Mathews I
President
H. G. Geevarghese Mar Ivanios
Fr. Mathai Vilanilathu.
Fr. P.C. Geevarghese(USA)
Fr. Zachariah Perangattu.
Mr. P. J. Koshy (Bombay)
Mr. M.A. Abraham (Madras)
Mr. M.G. George Muthoot (Delhi)
Mr. T. O. Jacob,
Mr. P. V. Job
Mr. P. P. Mathew
Mr. John Mathews
Mr. K. O. Kurian
Dr. K. P. Johny


## ഗീവറുഗീസ് ദ്വിതീയൻ...

4—ാംപേജിൽനിന്നും തുടർച്ച

വരം തന്റെ ദർശനത്തിലൂടെ മനസ്സിലായി. അദ്ദേഹം ആളെവിട്ട് അന്വേഷിച്ചപ്പോഴും താൻ മനസ്സിലാക്കിയത് സത്യമാണെന്ന് ബോദ്ധ്യപ്പെട്ടു. ഒടുവിൽ ആശ്രമം സന്ദർശിക്കുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു. എപ്പിസ്കോപ്പ ഏതാനും ചിലരോടൊപ്പം ആശ്രമത്തിലേക്കു പോയി.

എപ്പിസ്കോപ്പ സാധാരണയായി ആശ്രമത്തിലെത്തുമ്പോൾ അദ്ദേഹത്തെ ദൂരെ നിന്നുതന്നെ എതിരേൽക്കുകയാണ് പതിവ്. എപ്പിസ്ക്കോപ്പാ ആശ്രമത്തിനടുത്തെത്തിയപ്പോൾ പതിവുപോലെ ആശ്രമാംഗങ്ങൾ അദ്ദേഹത്തെ സ്വീകരിക്കുവാനായി എത്തി. അവരുടെ ഓരോരുത്തരുടേയും കൈകളിൽ സംഗീത ഉപകരണങ്ങളുണ്ടായിരുന്നു.

എതിരേൽക്കാൻ എത്തിയവരുടെ കൂട്ടത്തിൽ ആശ്രമ'സുപ്പീരിയർ' ഇല്ലായിരുന്നു. 'സുപ്പീരിയർ എവിടെ?' എന്ന് എപ്പിസ്ക്കോപ്പാ ചോദിച്ചപ്പോൾ സുഖമില്ലാതെ കിടപ്പാണെന്ന് ആശ്രമവാസികൾ ഉത്തരം പറഞ്ഞു.

എപ്പിസ്കോപ്പാ ആശ്രമത്തിലേക്കു നടക്കാൻ തുടങ്ങിയപ്പോൾ ആശ്രമവാസികൾ സംഗീതോപകരണങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങി. ഉടൻ എപ്പിസ്കോപ്പാ 'നിറുത്തു്... നിറുത്തു്...ഇതാരു പറഞ്ഞിട്ടു് ഉണ്ടാക്കി' എന്നുപറഞ്ഞു് അലറി.

ഒടുവിൽ ശബ്ദകോലാഹലങ്ങളൊന്നും കൂടാതെ ആശ്രമത്തിലെത്തി, അദ്ദേഹം തനിക്കായി വേർതിരിച്ചിരിക്കുന്ന മുറിയിൽ ഉപവിഷ്ടനായി. എങ്കിലും സുപ്പീരിയർ അദ്ദേഹത്തെ സ്വീകരിക്കുവാൻ കടന്നു വന്നില്ല. സുപ്പീരിയറെ കാണുവാൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹത്തിന്റെ മുറിയിലേക്ക് വരുന്നുവെന്ന് എപ്പിസ്കോപ്പാ അറിയിച്ചു. സുപ്പീരിയർ അനുവദിച്ചില്ല. എങ്കിലും താൻ വരികയാണ് എന്നു പറഞ്ഞു് എപ്പിസ്കോപ്പാ സുപ്പീരിയറുടെ മുറിയിലേക്ക് കടന്നുചെന്നു. അദ്ദേഹം ആ മുറിയിൽ പ്രവേശിച്ച ഉടൻ ഒരിരമ്പൽ ശബ്ദമുണ്ടാവുകയും 'സുപ്പീരിയർ' അപ്രത്യക്ഷനാവുകയും ചെയ്തു! എപ്പിസ്കോപ്പാ ആശ്രമവാസികളോട് സംഭവിച്ചതു് മുഴവനും വിവരിച്ചുകൊടുത്തു. ഇതുപോലെയാണ്, ഇന്നു സഭയിൽ കൊട്ടും വാദ്യവുംവെച്ച് അതിവിശുദ്ധമായ കൂദാശകൾ നടത്തുന്നത്.'

ജീവിതവിശുദ്ധിയിൽ പരിശുദ്ധ തിരുമനസ്സ് തന്റെ ഗുരുവിനെപ്പോലെ ആയിരുന്നു. അവിവാഹിതരായ പട്ടക്കാരും, റമ്പാൻമാരും, എപ്പിസ്കോപ്പൻമാരും സ്ത്രീകളെ കുമ്പസാരിപ്പിക്കുന്നതും അവരെ സ്പർശിക്കുന്നതും അനുവദിക്കുകയില്ലായിരുന്നു. സ്ത്രീസ്പർശംകൊണ്ട് പാപചിന്തകൾ മനസ്സിലങ്കുരിക്കും, പാപത്തിനു വിധേയരായിത്തീരും എന്നദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു.

പരുമല സെമിനാരിയുടെ മുൻ മാനേജർ കൂടിയായ സെമിനാരി റെക്ടർ കാരിക്കോട്ടച്ചൻ എന്ന ഫാ. കെ. ബി. മാത്യൂസ് പറഞ്ഞു നിർത്തി.

പരുമലയുടെ പുതിയ വികസനങ്ങൾക്ക് തുടക്കംകുറിച്ച് ചുക്കാൻ പിടിച്ച പരുമല സെമിനാരി മുൻമാനേജർ ഫാ. കെ. ബി. മാത്യൂസ് (കാരിക്കോട്ടച്ചൻ) ഇപ്പോൾ പരുമല ആശുപത്രിയുടെ എക്സി. ഓഫീസറായും പരുമല സെമിനാരി റെക്ടറായും സേവനം തുടരുന്നു—

അഭിമുഖം തയ്യാറാക്കിയതു്
ജോൺ കക്കാട്ട്.





George John
Philadelphia.



Mani Kunju Uthuppu
Philadelphia



Abraham Mathew
Philadelphia



# പ്രാർത്ഥനാവലയം...

1–ാംപേജിൽനിന്നും തുടർച്ച

രിക്കുന്ന നീതിമാന്മാരുടെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. നമ്മൾ യേശുവിന്റെ കുപ്പായത്തിനുള്ളിൽ മറയപ്പെട്ട് തിന്മയുടെ കോട്ട തകർക്കുന്ന പ്രാർത്ഥനാമല്ലന്മാരാകാൻ ഈ പ്രാർത്ഥനാവലയം ഉതകട്ടെ. അന്തരിന്ദ്രിയങ്ങളേയും, ഹൃദയവിചാരഭാരങ്ങളേയും അറിയുന്ന ദൈവസന്നിധിയിൽ നമ്മൾ മുട്ടുകുത്തുമ്പോൾ, പരിശുദ്ധാത്മാവു തന്നെ പ്രാർത്ഥിക്കുന്ന എല്ലാവർക്കും, സ്വർഗ്ഗത്തിനും ആ വിവരങ്ങൾ അറിയിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട്, (റോമർ 8:26) പ്രാർത്ഥനാവിഷയങ്ങൾ എഴുതി അറിയിക്കുകയോ, പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നതിന്റെ ആവശ്യമില്ലെന്നു ചിന്തിക്കുന്നവരുമുണ്ടെന്ന് അറിയാനിടയായിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ വ്യാപാരവലയത്തിൽ സ്വന്തം പ്രാർത്ഥനാവിഷയം എത്തിച്ച്, മറ്റുള്ളവരുടെ പ്രാർത്ഥനാ വിഷയങ്ങൾ പിടിച്ചെടുക്കുവാൻ സാധാരണക്കാർക്ക് കഴിവുണ്ടാകുന്നതുവരെ, അവരെ സഹായിക്കുവാൻ മാത്രമാണ് പേരുകളും വിഷയങ്ങളും പ്രസിദ്ധീകരിക്കുന്നത്. അതുകൊണ്ട് വിശ്വാസികളായ ദൈവമക്കൾ പ്രാർത്ഥിക്കുമ്പോൾ, ഹൃദയത്തിന്റെ ആത്മീയടെലിവിഷനുകൾ സ്വർഗ്ഗത്തിന്റെ 'ചാനലിൽ' ട്യൂൺ ചെയ്യാനുള്ള പ്രായോഗിക പരിശീലനം നേടുന്ന ഒരു വേദിയായി ഈ പ്രാർത്ഥനാവലയത്തെ പ്രയോജനപ്പെടുത്തുക. നമ്മുടെ ഹൃദയ ടെലിവിഷന്റെ 'ആന്റിന' ഉയത്തിനാട്ടി പരിശുദ്ധാത്മാവിന്റെ വാത്തകൾ പിടിച്ചെടുക്കുവാൻ റോമർ 12:1,2 പ്രയോഗിക്കുവാൻ, സങ്കീർത്തനം 32-ലെ ഭാഗ്യം സ്വന്തമാക്കി, ദൈവത്തിന്റെ കണ്ണ് നമ്മുടെ കണ്ണിൽ വച്ചിട്ട്, (സങ്കീ. 32:8) ദൈവാത്മാവിന്റെ ആലോചന പിടിച്ചെടുക്കാൻ ഇടയാകട്ടെ.

പ്രാർത്ഥനാവലയത്തിൽ ഓർക്കപ്പെടുവാൻ കത്തയച്ചവർക്ക് സ്വർഗ്ഗത്തിൽനിന്ന് മറുപടി ലഭിച്ചുതുടങ്ങിയതിൽ ദൈവത്തെ സ്തുതിക്കുന്നു. പ്രാർത്ഥനാവലയത്തിൽ ചേർന്ന് പ്രാർത്ഥിച്ചതോടൊപ്പം, മറുപടി കത്തിലെ ദൂതുകൾ പ്രയോഗിച്ചുതുടങ്ങിയപ്പോൾ, പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനുമുൻപ്, പ്രശ്നങ്ങളുടെ നേരെയുള്ള മനോഭാവം മാറി, ദൈവവചനങ്ങളുടെ പ്രയോഗത്തിൽ പ്രശ്നങ്ങളെ നന്മയ്ക്കായി പ്രയോജനപ്പെടുത്താൻ തുടങ്ങിയ ഒരാളുടെ കത്തു കിട്ടിയതിൽ ദൈവത്തെ സ്തുതിക്കുന്നു.

സ്തോത്രപ്രാർത്ഥനയ്ക്കായി ആ പേര് ചേർക്കുന്നു.

Mrs. K.J. HEPG. No. 10

വിഷയം 1 ലഭിച്ച പുതിയ പാപബോധം, പാപമോചനബോധം

2 ആരംഭിച്ചിരിക്കുന്ന നോമ്പിന്റേയും ഉപവാസത്തിന്റേയും, വേദപഠനത്തിന്റേയും, സുഗമമായ നടത്തിപ്പിലുള്ള പ്രത്യാശ.

മാർച്ച് 24 വരെ ശനിയാഴ്ചയും ഞായറാഴ്ചയും മാത്രം വി. കുർബാനയിൽ എല്ലാ വായനക്കാരേയും ഓർക്കുന്നു. മററു ദിവസങ്ങളിൽ രാവിലെ 6 മണിക്കും രാത്രി 9 മണിക്കും പരസ്പരം പ്രാർത്ഥനയിൽ ഓർക്കാം.

ഈ ആഴ്ച പ്രാർത്ഥനയ്ക്കായി ഓർക്കപ്പെടേണ്ട പേരുകൾ

1 HPG 18 Mrs. V. S Bombay
രോഗസൗഖ്യം, സന്തുഷ്ടകുടുംബജീവിതം

2 HPG 19 Miss. K. P. M., Koodal
കുടുംബസമാധാനവും, ശോഭനമായ ഭാവിയും
സഹോദരന്റെ ഭാവികാര്യങ്ങൾക്കുള്ള നടത്തിപ്പ്
സഹോദരിയുടെ സന്തോഷകരമായ കുടുംബജീവിതം

3 HPG 20 Mrs. & Mr. J. P. A. Kattakampal
പ്രാർത്ഥനാവലയത്തിന്റെ കണ്ണികൾ ലോകവ്യാപകമാകാനുള്ള കൃപ
തിരഞ്ഞെടുക്കപ്പെട്ട ഒരു വലിയ കൂട്ടത്തെ പ്രാർത്ഥനാവലയത്തിന്റെ സഹായത്തിനു ലഭിപ്പാൻ

4 HPG 21 Mr. C. K. പുത്തനങ്ങാടി
പ്രാർത്ഥനാവലയത്തിന്റെ ഫലപ്രദമായ പ്രവർത്തനം

5 HPG 22 Mr. K. K. K. New Delhi
ഹൃദയത്തിന്റെ അസുഖം, സൗഖ്യം ലഭിപ്പാൻ

## വെല്ലൂർ പ്രവേശനം

വെല്ലൂർ മെഡിക്കൽ കോളേജിൽ വിവിധ കോഴ്സുകളിലേയ്ക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ ശുപാർശയോടുകൂടി പ്രവേശനം ആഗ്രഹിക്കുന്നവർ ഫാ. തോമസ് കുര്യൻ, ഓർത്തഡോക്സ് സ്റ്റുഡന്റ് സെന്റർ, കോട്ടയം -686 001 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

സഭാവക ആശുപത്രികളിൽ നിന്നും ശുപാർശചെയ്യുന്നവർക്കു മാത്രമേ പാരാ മെഡിക്കൽ കോഴ്സുകൾക്ക് സ്പോൺസറിംഗ് ലഭിക്കുകയുള്ളു.

അപേക്ഷകൾ ഏപ്രിൽ 25 നകം ലഭിച്ചിരിക്കണം.

## അവാർഡ്

(1–ാംപേജിൽനിന്നും തുടർച്ച)

കവിയുമായ ബിനോയ് ചാത്തുരുത്തിക്കു ലഭിച്ചതിൽ 'ഓർത്തഡോക്സ് ഹെറാൾഡ്' അനുമോദനം അറിയിക്കുന്നു. ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സാഹിത്യ ശില്പശാലക്കു നേതൃത്വം നൽകാനും സഭയുടെ പ്രസിദ്ധീകരണങ്ങളിൽ എഴുതാനും അദ്ദേഹം സമയം കണ്ടെത്താറുണ്ട്. മുളന്തുരുത്തി ചാത്തുരുത്തി കുടുംബത്തിൽ ജിമ്മി ചാത്തുരുത്തിയുടെയും ഏലിയാമ്മയുടെയും പുത്രനാണ്. പരുമല തിരുമേനിയുടെ സഹോദരപൗത്രൻ കൂടിയാണ് ബിനോയ്. 'ഗിരിപർവ്വം' എന്നൊരു ഖണ്ഡകാവ്യത്തിന്റെ കർത്താവാണ്. ആലപ്പി തീയേററഴ്സിന്റെ 'ബെൻഹർ' എന്ന ബൈബിൾ നാടകത്തിൽ അഭിനയിച്ച് കേരളത്തിൽ ശ്രദ്ധ പിടിച്ചുപററിയിട്ടുള്ള നാടകനടൻ കൂടിയാണ് ഇദ്ദേഹം. ഭാര്യ ഷീല. മൂന്നു മക്കളുണ്ട്. മൂത്തപുത്രി അഞ്ജലി കഥകൾ എഴുതാറുണ്ട്.

## ബോംബെ ഭദ്രാസന കേന്ദ്രം

(5–ാംലക്കത്തിന്റെ തുടർച്ച)

വളർന്നു വരുന്ന ന്യൂ ബോംബേസിററിയുടെ വർദ്ധിച്ചു വരുന്ന വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് തെല്ലൊരു ആശ്വാസം പകരാൻ കേന്ദ്രത്തോടു ചേർന്നു കിടക്കുന്ന ഭദ്രാസന ഉടമയിലുള്ള ഒന്നാംകിട ഇംഗ്ലീഷ് ഹൈസ്കൂൾ സഹായകരമാണ്. അടുത്ത വർഷം അതോടു ചേർന്ന് ആരംഭിക്കുന്ന മൾട്ടിപർപ്പസ് ടെക്നിക്കൽ സ്കൂളും ന്യൂബോംബേസിററിയുടെ തിലകക്കുറിയായി മാറുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. ഈ ഭദ്രാസനത്തിലെ പ്രശസ്തമായ ഇംഗ്ലീഷ് സ്കൂളുകളും ആതുരാലയങ്ങളും ബാലവാടികളും സാമൂഹ്യസേവനരംഗത്ത് നിസ്തുലമായ സേവനങ്ങൾ അനുഷ്ഠിച്ചുവരുന്നു.

## വാർഷികം

ഓമല്ലൂർ: തുമ്പമൺ ഭദ്രാസന ബാലികാ സമാജവാർഷികം മാർച്ച് 5 ഞായറാഴ്ച ഓമല്ലൂർ സെന്റ് തോമസ് പള്ളിയിൽ ആഘോഷിക്കുന്നു. രാവിലെ ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ വി. കുർബാന അർപ്പിക്കും. 10 മുതൽ മത്സരങ്ങൾ ആരംഭിക്കും.

ഉച്ചകഴിഞ്ഞ് 2–ന് ആരംഭിക്കുന്ന പൊതുസമ്മേളനത്തിൽ ഫാ: ഡാനിയേൽ എൻ. വറുഗീസ്, ടി. ജി. ജോർജ്, സിസ്റ്റർ ഏലിശ്ബ, മറിയം ജോർജ് എന്നിവർ പ്രസംഗിക്കുന്നതാണ്.

## തിരുമേനി...

(1–ാം പേജിൽനിന്നുംതുടർച്ച)

മാത്യൂസ് മാർ എപ്പിഫാനിയോസ് ബോംബെ ദാദറിലും, തോമസ് മാർ അത്താനാസ്യോസ് ബറോഡായിലും ആയിരിക്കും ഹാശാവാര ശുശ്രൂഷകൾ നടത്തുക.

## തിയളോജിക്കൽ അസോസിയേഷൻ സമാപന സമ്മേളനം

കോട്ടയം: ഓർത്തഡോക്സ് തിയളോജിക്കൽ സെമിനാരി തിയളോജിക്കൽ അസോസിയേഷന്റെ ഈ അദ്ധ്യായന വർഷത്തെ പ്രവർത്തനങ്ങളുടെ സമാപനസമ്മേളനം സെമിനാരി ഓഡിറേറാറിയത്തിൽ നടന്നു. സെമിനാരി വൈസ് പ്രിൻസിപ്പൽ റവ. ഫാ. ടി. ജെ. ജോഷ്വാ അദ്ധ്യക്ഷത വഹിച്ചു. 'സുറിയാനി ക്രൈസ്തവദൈവശാസ്ത്രത്തിന്റെ പ്രാഥമിക ഉറവിടങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് കോട്ടയം ബേക്കർ ഹിൽ സെന്റ് അപ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്ററിററ്യൂട്ട് ഡയറക്ടർ റവ: ഡോ. ജേക്കബ് തെക്കേപ്പറമ്പിൽ മുഖ്യ പ്രസംഗം നടത്തി. അസോസിയേഷൻ ജനറൽ സെക്രട്ടറി ഡീ. ടി. പി. കുര്യൻ പ്രവർത്തനവർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. ജോർജ്ജ് വർഗീസ് സ്വാഗതവും ഡീ. ജിജി എൻ കോശി നന്ദിയും പറഞ്ഞു.

## മേഖലാ സമ്മേളനം

റാന്നി: എം. ജി. ഒ. സി. എസ്. എം. മേഖലാ ഏകദിന സമ്മേളനം ഇട്ടിയപ്പാറ മാർ ഗ്രീഗോറിയോസ് കൺവെൻഷൻ നഗറിൽ നടന്നു. ഫാ. വി. ടി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസിഡന്റ് ഫാ: മാത്യൂസ് മാന്നംകുഴി ഉദ്ഘാടനം ചെയ്തു.

'ഇരുപത്തിയൊന്നാം നൂററാണ്ടിലെ ധാർമ്മികത, എന്ന വിഷയത്തെക്കുറിച്ച്, ഫാ: മത്തായി ഓ. ഐ. സി. ക്ലാസ്സെടുത്തു. തുടർന്നു നടന്ന ഗ്രൂപ്പു ചർച്ചകൾക്ക് പ്രൊഫ. വർഗ്ഗീസ് പടിയറ, പ്രൊഫ: പി. എ. ഉമ്മൻ, വിദ്യാർത്ഥി പ്രസ്ഥാനമിഷൻഫോറം സെക്രട്ടറി സാജൻ വറുഗീസ്, അലക്സാണ്ടർ ആററുകുഴി, സുനിൽ പള്ളിക്കൽ എന്നിവർ നേതൃത്വം നൽകി.


ഫാ: എ. പി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപനസമ്മേളനത്തിൽ ഫാ: പൗലൂസ് ഒ. ഐ. സി. റീജനൽ സെക്രട്ടറി കെ. സി. സഖറിയ, ഫാ: ടി. എസ്. തോമസ്, ഫാ: മാത്യൂസ് എന്നിവർ പ്രസംഗിച്ചു.

ബ്രദർ ഫീലിപ്പോസ് സ്വാഗതവും; സാജൻ വറുഗീസ് നന്ദിയും പറഞ്ഞു.

പ്രാർത്ഥനാവിഷയങ്ങൾ എഴുതിയ കത്തുകൾ അയയ്ക്കേണ്ട മേൽവിലാസം തലക്കെട്ടിലുള്ളത് ശ്രദ്ധിക്കുക.

രാവിലെ 6 മണിയ്ക്കും, രാത്രി 9 മണിയ്ക്കും മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി മുട്ടുകുത്തുമ്പോൾ, പരസ്പരം നമ്മുടെ ഭാരങ്ങൾ ദൈവമുൻപാകെ സ്തോത്രത്തോടെ അറിയിച്ച് സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം അനുഭവിക്കാം (ഫിലി. 4:6) ഇടദിവസത്തെ രഹസ്യ പ്രാർത്ഥനകൾ ഞായറാഴ്ചത്തെ പരസ്യാരാധനയ്ക്കുള്ള ഒരുക്കത്തിനുതകട്ടെ. ഞായറാഴ്ചത്തെ നിങ്ങളുടെ ഇടവക പള്ളികളിലെ ആരാധനാ സമയം, നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടി തരുന്ന ദൈവശബ്ദം ശ്രദ്ധിക്കാൻ ഒരുങ്ങാം.










John Chacko, Brooklyn, New York

Thomas Varghese
New York


Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K. P. Jacob (Hon Chief) Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam Kottayam-686 038